കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

ഒളവണ്ണ ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.12/2170/2016

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012

തീയ്യതി. 23.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒളവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒളവണ്ണ ഗ്രാമപഞ്ചായത്ത് - 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേക്കും ഭാഗം 3 ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.12/2170/2016 തീയതി -23.12.2016

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. കെ.കെ സതീഷ് കുമാർ ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	17.11.2016. മുതൽ 29.11.2016 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. ബാലസുബ്രഹ്മണ്യൻ.എ.കെ	ഓഡിറ്റ് ഓഫീസർ
	ശ്രീമതി. സബിത. എസ്	ഓഡിറ്റ് ഓഫീസർ
	ശ്രീ.ശ്യാംജിത്ത്	അസി. ഓഡിറ്റ് ഓഫീസർ

ഉദ്യോഗപ്പേര്	പേര്,	കാലയളവ്
(ബി)നിർവ്വഹണാധികാരികൾ		
പ്രസിഡന്റ്	കെ. സുഗതൻ	01.04.2015മുതൽ31.10.2015വരെ
	കെ തങ്കമണി	12.11.2015മുതൽ 31.3.16വരെ
സെക്രട്ടറി	ഷൈലജ, സെക്രട്ടറി (ഇൻ ചാർജ്ജ്)	01.04.2015മുതൽ 28.7.15വരെ
	അബ്ദുൾ സലാം,V	29.7.15 മുതൽ 31.1.16വരെ 1.3.16മുതൽ 31.3.16വരെ
	സന്തോഷ്.സി	1.2.16 മുതൽ 29.02.2016 വരെ
അസി. സെക്രട്ടറി	ഷാനവാസ്	01.04.2015 മുതൽ 18.8..2015 വരെ
	സന്തോഷ്.സി	19.8.15 31.3.16
അഗ്രികൾച്ചറൽ ഓഫീസർ	മീര.കെ,	1.4.15 മുതൽ 1.1.16വരെ
	അജയ് അലക്സ്	7.1.16 31.3.16
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	ഡോ. പി. പത്മകുമാർ,	01.04.2015മുതൽ 31.03.2016 വരെ
മെഡിക്കൽഓഫീസർ, ഗവ.ആയുർവേദഡിസ്പെൻസറി	ഡോ. ജെസ്സി,	01.04.2015 9.2.16 വരെ
	ഡോ.അനിൽ കുമാർ	10.2.16മുതൽ 31.3.16 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ.	ഡോ. പ്രീത ,	01.04.2015മുതൽ 31.03.2016 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	പ്രസീജ,	

	നൂർജ്ജഹാൻ	
അസി. എഞ്ചിനീയർ	സന്തോഷ് കുമാർ,	01.04.2015 മുതൽ 9.8.15വരെ
	മനോജ് കുമാർ.എം	10.8.15 മുതൽ 31.03.2016വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	റസിന ബീവി.സി.ഇ	01.04.2015 മുതൽ 31.03.2016വരെ
വി.ഇ.ഒ	ശ്യാം പ്രസാദ്.കെ.വി	01.04.2013മുതൽ31.03.2015 വരെ
വെറ്ററിനറി സർജൻ	ഡോ. ആനന്ദ്.M	01.04.2013മുതൽ31.03.2015 വരെ
ഹെഡ് മാസ്റ്റർ, ജിഎൽ.പി. സ്കൂൾ	കുഞ്ഞിമൊയ്തീൻ	01.04.2013മുതൽ31.03.2015 വരെ

ഉള്ളടക്കം

ക്രമ നം.	ഖണ്ഡിക നമ്പർ	ഇനം
		ഭാഗം- 1 പൊതു അവലോകനം
1	1-1	ബജറ്റ്
2	1-2	വാർഷിക ധനകാര്യപത്രിക.
3	1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.
4	1-4	സാമ്പത്തിക വിശകലനം
5	1-5	ഫണ്ട് വിനിയോഗം
6	1-6	പദ്ധതി അവലോകനം.
7	1-7	തനത് വരുമാനം.
8	1-8	ക്ഷേമപദ്ധതികൾ
9	1-9	ക്യാഷ് വെരിഫിക്കേഷൻ
10	1-10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
		ഭാഗം- 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
11	2-1	വാർഷിക കണക്കുകളിലെ അപാകതകൾ
12	2-2	തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

13	2-3	പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് , വ്യവസായ എസ്റ്റേറ്റ് എന്നിവയിലെ കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശിക
14	2-4	ഫയർ എൻ.ഓ.സി ലഭിക്കുന്നതിന് മുൻപ് കെട്ടിട നിർമ്മാണ അനുമതി നല്കി
15	2-5	2008 -ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നല്കി
16	2-6	കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരം ജില്ലാ കലക്ടറുടെ അനുമതി വാങ്ങാതെ മതപരമായ ആവശ്യത്തിനുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നല്കി
17	2-7	ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ
18	2-8	അടുത്തടുത്ത ദിവസങ്ങളിൽ ഉപയോഗിച്ച സാംഖ്യ രശീതുകളുടെ ക്രമനമ്പറുകളിൽ തുടർച്ചയില്ല.
<u>ഭാഗം- 3</u> <u>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>		
19	3-1	റോഡ്കോൺക്രീറ്റിംഗ്ഐആർസിസ്പെസിഫിക്കേഷനു വിരുദ്ധം
20	3-2	ടാറു വിതരണം ചെയ്തതും ഉപയോഗിച്ചതും തമ്മിൽ പൊരുത്തമില്ലായ്മ-ചെലവു തുക തടസ്സപ്പെടുത്തുന്നു
21	3-3	നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനായി ചെലവു രേഖകൾ ഹാജരാക്കിയില്ല
22	3-4	സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും നിയമാനുസൃത ചുമതലകളിൽ നിന്ന് വ്യതിചലിച്ചും പ്രോജക്ട് നടപ്പാക്കി
23	3-5	ക്ലീൻ ഒളവണ്ണ ഗ്രീൻ ഒളവണ്ണ – പ്രോജക്ട് അപാകതകൾ-തെറ്റായ രേഖയുടെ അടിസ്ഥാനത്തിൽ പണം കൈപ്പറ്റി
24	3-6	കാലിത്തൊഴുത്ത് നിർമ്മാണം - സബ്സിഡി അധികം നൽകി
25	3-7	മുട്ടക്കോഴി വിതരണം ഗുണഭോക്തൃവിഹിതം പിരിവിലും ബില്ലിലും അവ്യക്തത
26	3-8	കറവപ്പശു വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല
27	3-9	ക്രൂസിൽ നിന്നും തെരുവു വിളക്കിനുള്ള ഉപകരണങ്ങൾ വാങ്ങി - കാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല
28	3-10	കെഎസ്ഇബി ഏറ്റെടുത്ത പ്രവൃത്തിക്ക് കെഎസ്ഇബിക്ക് സൂപ്പർവിഷൻ ചാർജ്ജ് നല്കി
29	3-11	എസ്.സി സമ്പൂർണ്ണ ഭവന പദ്ധതി - മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല
30	3-12	നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നു വാങ്ങൽ പ്രോജക്ട് - ചെലവിനാധാരമായ കാഷ്ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

31	3-13	ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് തലത്തിൽ സമഗ്രമാക്കുന്നില്ല
32	3-14	മുൻകൂറുകൾ ക്രമീകരിക്കുന്നില്ല
33	3-15	വിശദമായ എസ്റ്റിമേറ്റും സാങ്കേതികാനുമതിയും കരാറുമില്ലാതെ വൻതുക ഡെപ്പോസിറ്റ് ചെയ്തു. വിനിയോഗ വിവരമില്ല
34	3-16	തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ
35	3-17	IAY - കൈമാറിയ തുകക്ക് വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല.
36	3-18	കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല
37	3-19	ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല
38	3-20	നെൽകൃഷി വികസന പദ്ധതി - മറ്റു സ്ഥാപനങ്ങളുടെ വിഹിതം ഈടാക്കാതെ പ്രോജക്ട് നടപ്പാക്കി
39	3-21	തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല – മീറ്റർ സ്ഥാപിച്ചിട്ടില്ല
40	3-22	കോൺക്രീറ്റ് പ്രവൃത്തികൾ അനുവദനീയമായതിലും അധികം കനത്തിൽ ചെയ്തു.
<u>ഭാഗം- 4</u> <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>		
41	4-1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)
42	4-2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)
43	4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
44	4-4	വായ്പ/ വായ്പ തിരിച്ചടവ്
45	4-5	. സ്ഥിരനിക്ഷേപങ്ങൾ
46	4-6	ഓഡിറ്റ് റിക്കവറി
47	4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
48	4-8	ഓഡിറ്റ് പ്രത്യവലോകനം
49	4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
50	5	ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 28.3.15തിയതിയിലെ 1a തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.7.16	23.7.2016	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2015-16	18.11.16	

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	63384036.50
വരവ്	76689692.00
ആകെ	140073728.50
ചെലവ്	116979469.00
നീക്കിയിരിപ്പ്	23094259.50

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ട്രാൻസ്ഫർ ക്രഡിറ്റ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	9117610	3897959	21944547	21944547	(+)8928978	00	
വികസനഫണ്ട് എസ്.സി.പി.	2697885	3654278	6352163	3654278	(-)2697885		
വികസനഫണ്ട് ടി.എസ്.പി.	19000	19000	38000	19000	(-)19000	00	
സംരക്ഷണഗ്രാന്റ് റോഡ്	1379304	4911871	6291175	6291175		00	
സംരക്ഷണഗ്രാന്റ് നോൺറോഡ്	340463	3423760	3764223	3764223		00	
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	3205494	14425575	17631069	12042441	(-)5588628	00	
പെർഫോമൻസ് ഗ്രാന്റ്	5654000	566375	6220375	5596910	(-)623465	00	
എം.എൻ. ആർ. ഇ. ജി. എസ്.	00	373070	373070	372396		674	
ബി ഫണ്ട്		908660	908660	908660			

ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത് . അപാകതകൾ ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
491		197		168	126	$\frac{29 \text{ X } 100}{491}$

1-7 തനത് വരുമാനം.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം

				(+)/(-)
നികുതി വരവുകൾ	12794707	15370454	2575747	
നികുതിയേതര വരവുകൾ	23047734	7381716	15666018	
മറ്റുവരവുകൾ	52191	44258	7933	
ആകെ	35894632	22796428	4149698	

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	398160	233
കർഷകതൊഴിലാളി പെൻഷൻ	2510880	298
വിധവാപെൻഷൻ	20811400	2271
വാർദ്ധക്യകാലപെൻഷൻ	7132280	1520
വികലാംഗപെൻഷൻ	5705715	562
50 വയസ്സു കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ	2577600	287
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	480000	18

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പില്ലാത്തത് ബോധ്യപ്പെട്ടു.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കിലെ അപാകതകൾ

1 വിപി.എഫ്.എ3 -7 ൽ 18202/- രൂപ അക്കൗണ്ട്സ് പ്രകാരം മുൻബാക്കിയായും,നീക്കിയിരുപ്പിലുംകാണുന്നു. എന്നാൽ ഇതു സംബന്ധിച്ച ട്രഷറി സ്റ്റേറ്റുമെന്റുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

2 പ്രോപ്പർട്ടി ടാക്സിൻമേലുള്ള സർവ്വീസ് സെസ് (-RP1-head10110101)-536378രൂപ .എന്നാൽRP-36 (head350300101-other liabilities)-ൽ549337/- രൂപയാണ് വന്നിട്ടുള്ളത്.

3 കെട്ടിട നികുതി കുടിശ്ശിക അക്കൗണ്ട്സ് പ്രകാരം RP-43 (receivables-4311010) -ൽ1337946/-രൂപയാണ്.അരിയർ ഡിമാൻറ് കളക്ഷൻ ബാലൻസ് സ്റ്റേറ്റുമെന്റ് പ്രകാരം 1013343/-രൂപയാണ് കാണുന്നത്.സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

324603/-രൂപയുടെ വ്യത്യാസം കാണുന്നു.

4 RP-43(receivables431100101)-ൽ കെട്ടിടനികുതി (തൻവർഷം) അക്കൗണ്ട്സ് പ്രകാരം9348582/-രൂപ വരവ് ഉണ്ട്.ആയത് സംബന്ധിച്ച് ഡിമാൻറ് രജിസ്റ്റർ,കമ്പ്യൂട്ടർ പ്രിന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

5. ഡി.അന്റ്.ഒ.ലൈസൻസ് ഫീസ്(head4311300101)ൽ 259410/- രൂപ അക്കൗണ്ട്സ് പ്രകാരം വരവുണ്ട്. ആയതു സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. വാടക തൻവർഷം (head431400101)-802698/-രൂപ യും,വാടക കുടിശ്ശിക(431400102)-64954/-രൂപയും അക്കൗണ്ട്സ് പ്രകാരം വരവുണ്ട്. എന്നാൽ ആയതു സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. RP4-ലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്ട്രേഷൻ(head140100102)-1350/-യും,ബിലേറ്റഡ് ഫീയിനത്തിൽ(140110111)35671/- രൂപയും,പെനാലിറ്റീസ് &ഫൈൻസ് പീനൽ ഇന്ററസ്റ്റ് ഇനത്തിൽ-174202/- രൂപയും,മറ്റുവരവുകൾ എന്നയിനത്തിൽ(140400199)-121339/-രൂപയുംവരവുണ്ടെങ്കിലും ആയത് സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ബാലൻസ് തയ്യാരാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ തുകകളുടെ കൃത്യത പരിശോധിയക്കാൻ സാധിച്ചിട്ടില്ല .

8. RP-3 ഓഡിറ്റോറിയത്തിന്റെയും ഹാളിന്റെയും വാടകയിനത്തിൽ (130300101)34450/- രൂപയും,മറ്റു വരവ് ഇനത്തിൽ(130800199)-2500/-രൂപയും വരവുണ്ട്.ഡിമാന്റ് രജിസ്ററർ തയ്യാരാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

9. RP-5 പ്രകാരം (head150110101) ടെണ്ടർ ഫോമിന്റെ വില-428140/-രൂപയും, മറ്റു ഫോമുകളുടെ വില (150110199)-2187/-രൂപയും വരവ് വന്നിട്ടുണ്ട്.ഇതുസംബന്ധിച്ച് രജിസ്ററർതയ്യാരാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

10. അക്കൗണ്ട്സ് പ്രകാരം വാറ്റ് ഇനത്തിലെ വരവ്-21409/- രൂപയാണ്.അസി. എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ആദായ നികുതി,വാറ്റ് ,നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയുടെ

വരവ്,അടവ് എന്നിവയുടെ വിവരങ്ങൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

11. എൻ.ആര് ഇജി.എസ്-ന്റെ കണക്കുകൾ പ്രകാരം വരവ്-206870/-ഉം,അക്കൗണ്ട്സ് പ്രകാരം വരവ്-373070/-രൂപയും ആണ്.(RP-31)166200/-രൂപയുടെ വ്യത്യാസംകാണുന്നു.

12. നാളിതുവരെയുള്ള ആസ്തി തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

കൂടാതെ ബാങ്ക് റെക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പരിശോധനയിൽ തനതുഫണ്ടിന്റെ അക്കൗണ്ടിൽ 93113/-രൂപയുടെ വ്യത്യാസംകാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2015 -16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ വന്നിട്ടുള്ള അപാകതകൾ താഴെപ്പറയുന്നു.

1. താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവർഷവരുമാനത്തിന് അർഹമായ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	ജീവനക്കാരൻ , ഉദ്യോഗപ്പേര്	അർദ്ധ വർഷം, അർദ്ധവർഷ വരുമാനം	തൊഴിൽ നികുതി			
				ഈടാക്കിയത്(രൂപ)	രശീത് നമ്പർ/ തിയ്യതി	ഈടാക്കേണ്ടത് (രൂപ)	കുറവ് (രൂപ)
1.	GHSS ഇരിങ്ങല്ലൂർ	രഞ്ജുലാൽ, ലാബ് അസിസ്റ്റന്റ്	15-16 I , 101510	750	11502109297/ 25.09.15	1000	250
2.	പന്തീരങ്കാവ് ഹൈസ്കൂൾ	പ്രജീഷ് എം.കെ, എഫ്.ടി.എം	15-16 I , 128136	1000	11502500034/17.09.15	1250	250
3.	ഹൈലൈറ്റ് ഇന്റീരിയേഴ്സ്	വിബിൻ ജോസഫ് , ഉദ്യോഗപ്പേര് റിട്ടേണിൽ നല്കിയിട്ടില്ല.	15-16 II , 29935	ഇല്ല	-	180	180
4.	ഹൈലൈറ്റ് ഇന്റീരിയേഴ്സ്	രമ്യ പിള്ള , പ്രോജക്ട് ആർക്കിടെക്റ്റ്	15-16 II , 52800	ഇല്ല	-	450	450

ആകെ കുറവ് 1130 രൂപ

2. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഒളവണ്ണ, Peekay CICS ആർട്സ് ആൻഡ് സയൻസ് കോളേജ് മാത്തറ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015 -16 I,II അർദ്ധവർഷങ്ങളിൽ തൊഴിൽനികുതി

ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങൾ തൻവർഷത്തെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

3. ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ നിഷ്കർഷിച്ച നിശ്ചിത ഫോറം പ്രകാരമല്ല. ഉദാ. W store CTCNS clothing co. Pvt. Ltd and Aurellia co. Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നും 2015-16ഒന്നാം അർദ്ധ വർഷത്തിൽ 11502500049/28.09.15 രശീത് പ്രകാരം 5000 രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച റിട്ടേണുകളിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. അതായത് ജീവനക്കാരുടെ തൊഴിൽ നികുതി നിർണയിച്ചിരിക്കുന്നത് അവരുടെ അർദ്ധവാർഷിക വരുമാനം അടിസ്ഥാനമാക്കിയല്ല.

4. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

1. കാനറ ബാങ്ക് , ഒളവണ്ണ
2. പന്തീരങ്കാവ് സർവ്വീസ് സഹകരണ ബാങ്ക്
3. മണപ്പുറം ഫിനാൻസ് ലിമിറ്റഡ് , പന്തീരങ്കാവ്
4. മുത്തൂറ്റ് മെർക്കന്റയിൽ ലിമിര്റഡ് , പന്തീരങ്കാവ്
5. മഹാറാണി പ്രോഡക്ട്സ് , ഇരീങ്ങല്ലൂർ
6. സോൾടെക് പോളിമേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
7. ചോയ്സ് പോളിമേഴ്സ് , കോഴിക്കോടൻകുന്ന് ,കൊളത്തറ
8. മറീന മോട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് , പന്തീരങ്കാവ്
9. അനുഗ്രഹ പാലസ് , പന്തീരങ്കാവ്
10. സലീന പാലസ് , പന്തീരങ്കാവ്
11. ടി.വി സുന്ദരം അയ്യങ്കാർ ആൻഡ് സൺസ് ലിമിറ്റഡ് , ഇരിങ്ങല്ലൂർ - പാലാഴി റോഡ്, ജങ്ഷൻ
12. ഒളവണ്ണ സർവ്വീസ് സഹകരണ സംഘം
13. ഒളവണ്ണ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി ,കുന്നത്ത്പാലം
14. ഹൈലൈറ്റ് ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
15. ഹൈലൈറ്റ് പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്
16. സഹാറാ ആക്സസറീസ് , കോഴിക്കോടൻ കുന്ന്
17. സഹാറാ ഫുട്ട് വേർ , കോഴിക്കോടൻ കുന്ന് , ഒളവണ്ണ
18. ഹൈലൈറ്റ് ഇന്റീരിയൽസ്
19. AKZO നോബൽ ഇന്ത്യ ലിമിറ്റഡ് കൈമ്പാലം
20. കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് , പന്തീരങ്കാവ്
21. മുത്തൂറ്റ് ഫിൻകോർപ്പ് , മാത്തറ
22. മുത്തൂറ്റ് ഫിൻകോർപ്പ് , പന്തീരങ്കാവ്
23. എം.ആർഎഫ്. ലിമിറ്റഡ് GECS ബിൽഡിങ്ങ് പന്തീരങ്കാവ്
24. മുത്തൂറ്റ് ഫിൻകോർപ്പ് , പാലാഴി

25. മോം ആൻഡ് മീ റീട്ടെയിൽ എൻ.എച്ച് ബൈപ്പാസ്
26. ജെ.എഫ്.കെ മോൾഡിങ്സ് പന്തീരങ്കാവ് ,കൈമ്പാലം , വെസ്റ്റ് പന്തീരങ്കാവ്
27. എസ്.ബി.ടി പന്തീരങ്കാവ്
28. മെഡിവിസ്റ്റ ബയോ കെയർ പ്രൈവറ്റ് ലിമിറ്റഡ് , എ.കെ ബിൽഡിങ് , പന്തീരങ്കാവ്
29. കുട്ടി ഇലക്ട്രിക്കൽസ് , ഇരിങ്ങല്ലൂർ
30. റാപ്ചർ ഇന്ത്യ ഫുട്ട് കെയർ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് , ഒളവണ്ണ
31. റെക്സ് പോളിമേഴ്സ്
32. കെ.ജി.ബി പാലാഴി
33. സായ് സർവ്വീസ് സ്പെയേഴ്സ് ആൻഡ് ആക്സസറീസ് പ്രൈവറ്റ് ലിമിറ്റഡ്
34. ബ്ലൂ ഡാർട്ട് എക്സ്പ്രസ്സ് ലിമിറ്റഡ്
35. സോഡിയാക് ക്ലോത്തിങ് കമ്പനി ലിമിറ്റഡ്, ഹൈലൈറ്റ് മാൾ
36. ഏയ്റോ ക്ലബ് വുഡ് ലാൻഡ് സ്റ്റോർ
37. ഐ.ഓ.ബി പന്തീരങ്കാവ്
38. വിനാം സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്
39. ആദിത്യ ബിർള നവോ ലിമിറ്റഡ്
40. അഡിഡാസ് ഹൈലൈറ്റ് മാൾ
41. ജുബിലന്റ് ഫുഡ് വർക്സ് ലിമിറ്റഡ് , ഹൈലൈറ്റ് മാൾ
42. കറന്റ് ബുക്ക്സ് (ഇന്ത്യ) ലിമിറ്റഡ്, ഹൈലൈറ്റ് മാൾ
43. ഫ്യൂച്ചർ റീട്ടെയിൽ ലിമിറ്റഡ്
44. പെയിന്റ് മാർക്കറ്റിങ് , പന്തീരങ്കാവ്
45. W Store TCNS Clothing co. Pvt Ltd , Aurelia TCN Clothing
46. Pantaloon Fashion and Retail Ltd
47. MRF Corp. Ltd കള്ളിക്കുന്ന്
48. അപ്പോളോ,ക്രേഡിൽ കഫേ
49. NUCORE Software Solutions Pvt. Ltd Hi Lite Business park
50. Web Namaste Consulting Pvt. Ltd
51. ഇരിങ്ങല്ലൂർ - പാലാഴി സർവ്വീസ് സഹകരണ ബാങ്ക്
52. വിജയ ബാങ്ക് , പാലാഴി
53. Hug a Mug
54. Hyson Restaurant Pvt. Ltd
55. Baby Shop Quest and Retail (P) Ltd
56. ഭാരത് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

57. കുമാർ അസോസിയേറ്റ്സ് , പാലാഴി

58. മെറ്റഫർ ഡിസൈൻ ഹൗസ്

59. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്

60. മിഥുൻ എന്റർപ്രൈസസ്

61. T CONE Properties and Projects SC (India) Pvt Ltd

62. Premier foot care

63. Baabte systems Technologies Pvt Ltd

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ , ഈടാക്കിയ തുക , രശീത് നമ്പറുകൾ എന്നിവ അറിയിക്കേണ്ടതാണ്.

2-3 പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് , വ്യവസായ എസ്റ്റേറ്റ് എന്നിവയിലെ കടമുറികളുടെ വാടക ഇനത്തിൽ കുടിശ്ശിക

ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിങ് കോംപ്ലക്സ് , വ്യവസായ എസ്റ്റേറ്റ് എന്നിവയിലെ കടമുറികളുടെ വാടക ഇനത്തിൽ താഴെപ്പറയുന്ന വാടകക്കാർ 2015-16 വർഷത്തിൽ കുടിശ്ശിക വരുത്തിയതായി കണ്ടെത്തി.

1. മുറിയുടെ നമ്പർ 63 , ഈരാട്ടുകുന്ന് പട്ടികജാതി വനിത വ്യവസായ വികസനകേന്ദ്രം

വാടക കുടിശ്ശിക വരുത്തിയ ആൾ ലാലി.പി.വി, പാട്ടി പറമ്പത്ത് , കൊടൽ നടക്കാവ് , പന്തീരാങ്കാവ്

മുറിയുടെ മാസവാടക 744 രൂപ

2013 ജൂൺ 4 ാം തിയ്യതി കടമുറി ലേലത്തിൽ എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയായും മുറിയുടെ മാസവാടക പഞ്ചായത്തിൽ അടച്ചിട്ടില്ല.വൈദ്യുതി കണക്ഷൻ 26.05.2015 ന് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ആയതിനാൽ ഇതിന് മുമ്പുള്ള കാലയളവിലെ വാടകക്കുടിശ്ശിക ഇനത്തിൽ ഇളവ് വേണമെന്നുമാണ് വാടകക്കാരിയുടെ വാദം . പന്തീരാങ്കാവ് കെ.എസ്.ഇ.ബി സെക്ഷൻ സബ് എഞ്ചിനീയറുടെ 23.11.15 ലെ ഡിബി. / 15-16 /80 നമ്പർ കത്ത് പ്രകാരം മുറിയിൽ വൈദ്യുതി കണക്ഷൻ നല്കിയ തിയ്യതി ശരിയാണ്. ആയതിനാൽ 11.09.15 ലെ ബി1/5794/15 നമ്പർ കത്ത് മുഖേന 2013 ജൂലൈ - 2015 മെയ് കാലയളവിലെ വാടകക്കുടിശ്ശിക ഇളവ് നല്കുന്നതിന് സർക്കാർ അനുമതിക്കുവേണ്ടി ഒളവണ്ണ പഞ്ചായത്ത് സെക്രട്ടറി , തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിക്ക് കോഴിക്കോട് ഡിഡിപി മുഖേന കത്തയച്ചിരിക്കുകയാണ്. തീരുമാനം ആയിട്ടില്ല. എന്നാൽ 25.05.15 ന് ശേഷമുള്ള കാലയളവിലും വാടകക്കാരി വാടകകുടിശ്ശിക തുടരുന്നതായാണ് കാണുന്നത് . വിശദാംശങ്ങൾ താഴെചേർക്കുന്നു.

കാലയളവ്	വാടക കുടിശ്ശിക(രൂ)	പിഴപ്പലിശ (രൂ)	ആകെ തുക (രൂ)
25.05.2015 – 31.05.2015	168	109	277
06.2015 – 03.2016	7440	2902	10342

04.2016	781	78	859
05.2016	781	39	820

മൊത്തം തുക 12298 രൂപ

ഇക്കാര്യം അറിയിച്ചുകൊണ്ട് 20.05.16 ലെ ബി2 – 37753/12 നമ്പർ കത്ത് പഞ്ചായത്ത് അധികൃതർ വാടകക്കാരിക്ക് നല്കിയിട്ടുണ്ടെങ്കിലും തുക അടവാക്കിയിട്ടില്ല.

2. കെട്ടിടമുറിയുടെ നമ്പർ 13/226 വി, പറപ്പാറക്കുന്ന് വനിത വ്യവസായ കേന്ദ്രം

വാടകക്കാരൻ ഷാനി ജ്യോതിഷ് , മാല നിവാസ് , അഴിഞ്ഞിലം, രാമനാട്ടുകര.

മുറിയുടെ മാസവാടക 2573 രൂപ

അടച്ച തുകകൾ ഡെപ്പോസിറ്റ് 1000 രൂപ (രശീത് നമ്പർ 30851/13 10.03.14)

സെക്യൂരിറ്റി ഡെപ്പോസിറ്റ് 7350 രൂപ(രശീത് നമ്പർ 11402111156/17.11.14)

എന്നാൽ തുടർന്ന് വാടക തുകകളൊന്നും അടച്ചിട്ടില്ല.

മേൽ പരാമർശിച്ച രണ്ടുകേസുകളിലും വാടക്കാരുമായി കരാർ വെച്ചതായി കാണുന്നില്ല. വീഴ്ച വരുത്തിയ സെക്രട്ടറി , സെക്ഷൻ ക്ലാർക്ക് എന്നിവരുടെ പേരുവിവരങ്ങൾ , സ്ഥിരംമേൽവിലാസം എന്നിവ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു. വാടകകുടിശ്ശിക വരുത്തിയ വാടകക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2-4 ഫയർ എൻ.ഓ.സി ലഭിക്കുന്നതിന് മുൻപ് കെട്ടിട നിർമ്മാണ അനുമതി നല്കി

2015-16 വർഷത്തിൽ ഒളവണ്ണ ഗ്രാമ പഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

പെർമിറ്റ് നമ്പർ ബി.എൽ - 154/15-16 തിയ്യതി 31.07.15

അപേക്ഷകൻ രസ്ന രാജ ,

ചങ്ങനം തറനിലം (ഹൗസ്),

അരക്കിണർ (പി.ഒ),കോഴിക്കോട്.

ഉടമസ്ഥാവകാശം മാറിയതിനെത്തുടർന്ന് പിന്നീട് പെർമിറ്റ് നല്കിയത് വയലിലകത്ത് നൗഷാദ് , വളയനാട്

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 522.79 എം2

കെട്ടിടത്തിന്റെ തരം തറ നിലയടക്കം മൂന്നു നിലയുള്ള വാണിജ്യ കെട്ടിടം.

ഈടാക്കിയ പെർമിറ്റ് ഫീസ് 3710 രൂപ(11502107155 നമ്പർ രശീത് പ്രകാരം. തിയ്യതി വ്യക്തമല്ല)

പെർമിറ്റ് ഒപ്പിട്ടു നല്കിയത് വി.അബ്ദുസ്സലാം. സെക്രട്ടറി , ഒളവണ്ണ ഗ്രാമപഞ്ചായത്ത് .

ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ 2011 ലെ -കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 58 (12) പ്രകാരമുള്ള വ്യവസ്ഥ ബാധകമാണ്.അതായത് അപേക്ഷകർ അഗ്നി ശമനസേനാ ഡയറക്ടറിൽ നിന്നോ , അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽനിന്നോ ഒരു അംഗീകാര സാക്ഷ്യപത്രം നേടി കെട്ടിടനിർമ്മാണപെർമിറ്റ് ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതുണ്ട്. ഇതുകൂടി പരിഗണിച്ച ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റ് നല്കുവാൻ പാടുള്ളൂ. എന്നാൽ ഇവിടെ " NOC from Fire and Rescue Department should be produced before commencement of work" എന്ന വ്യവസ്ഥയോടെ 19.09.15 ൽ കെട്ടിടനിർമ്മാണ പെർമിറ്റ് സെക്രട്ടറി ഒപ്പിട്ടു നല്കിയതായാണ് കാണുന്നത്. നടപടി ക്രമവിരുദ്ധമാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

2-5 2008 -ലെ കേരള നെൽവയൽ– തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണത്തിന് അനുമതി നല്കി

2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് താഴെപ്പറയുന്ന കെട്ടിടനിർമ്മാണ അനുമതികൾ നല്കിയിട്ടുള്ളത് എന്നു കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. പെർമിറ്റ് നമ്പർ ബി.എൽ-483/15-16 തിയ്യതി 20.06.16

അപേക്ഷകൻ സുധാകരൻ.കെ , അക്ഷയ(വീട്),കീഴാനി പറമ്പ്, പൊക്കുന്ന് പി.ഓ

കെട്ടിടത്തിന്റെ തരം വാണിജ്യം , താമസം

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 921.12 എം2 (ബേസ്മെന്റ് ഫ്ലോർ അടക്കം 6 നിലകൾ)

പ്ലോട്ട് വിസ്തീർണം 9.76 സെന്റ്

പ്ലോട്ട് സ്ഥിതി ചെയ്യുന്നത് റി സർവ്വേ നമ്പർ 23/4 , പന്തീരാങ്കാവ് വില്ലേജ്

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ പന്തീരാങ്കാവ് വില്ലേജ് ഓഫീസറുടെ 24.06.16 തിയ്യതിയിലെ 1546/16 നമ്പർ സർട്ടിഫിക്കറ്റ്. മേൽ സർട്ടിഫിക്കറ്റ് പ്രകാരം പ്ലോട്ടിന്റെ തരം നിലം

പെർമിറ്റ് ഒപ്പിട്ട് നല്കിയത് വി.അബ്ദുൾ സലാം സെക്രട്ടറി , ഒളവണ്ണ ഗ്രാമപഞ്ചായത്ത്

മറ്റ് അപാകതകൾ പ്ലോട്ടിന്റെ ഭൂനികുതി അടച്ച രശീതിൽ സ്ഥലത്തിന്റെ റി സർവ്വേ നമ്പർ 23/4 .എന്നാൽ സ്ഥലത്തിന്റെ ആധാരത്തിലും പെർമിറ്റ് അപേക്ഷയിലും ഇത് 23/1 ആണ്.

2. പെർമിറ്റ് നമ്പർ ബി.എൽ- 409/15-16 തിയ്യതി 29.10.15

അപേക്ഷകൻ ബാബുരാജ്.കെ കരിയാടത്ത്(വീട്),കല്ലായി

കെട്ടിടത്തിന്റെ തരം വാണിജ്യം

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 572.23 എം2

പ്ലോട്ട് വിസ്തീർണം 28.4 സെൻറ്

പ്ലോട്ട് സ്ഥിതി ചെയ്യുന്നത് റി സർവ്വേ നമ്പർ 133/1എ, ഒളവണ്ണ വില്ലേജ്

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ ഒളവണ്ണ വില്ലേജ് ഓഫീസറുടെ 05.10.15 ലെ 3618/15 നമ്പർ സർട്ടിഫിക്കറ്റ്

മേൽ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന്റെ തരം അസ്ഥിര പുഞ്ച

പെർമിറ്റ് ഒപ്പിട്ടു നല്കിയത് വി.അബ്ദുൾ സലാം സെക്രട്ടറി, ഒളവണ്ണ ഗ്രാമപഞ്ചായത്ത്.

3. പെർമിറ്റ് നമ്പർ ബിഎൽ 278/15-16 തിയ്യതി 15.09.15

അപേക്ഷകൻ ഡോ.മുഹമ്മദ് റിയാസ് കെ.ആർ

കെട്ടിടത്തിന്റെ തരം റെസിഡൻഷ്യൽ ഫ്ലാറ്റ്

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 831.52 എം2

പ്ലോട്ട് വിസ്തീർണം 13 സെന്റ്

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ പന്തീരാങ്കാവ് വില്ലേജ് ഓഫീസറുടെ 03.12.15 ലെ 2234/15 നമ്പർ സർട്ടിഫിക്കറ്റ്

മേൽ സർട്ടിഫിക്കറ്റ് പ്രകാരം പ്ലോട്ടിന്റെ തരം നിലം(wet)

പെർമിറ്റ് ഒപ്പിട്ട് നല്കിയത് വി.അബ്ദുൾ സലാം, സെക്രട്ടറി , ഒളവണ്ണ ഗ്രാമപഞ്ചായത്ത്.

4. പെർമിറ്റ് നമ്പർ ബിഎൽ- 154/15-16 തിയ്യതി 31.07.15

അപേക്ഷകൻ രസ്ന രാജ.എ, ചങ്ങനംതറ നിലം,അരക്കിണർ, കോഴിക്കോട്

കെട്ടിടത്തിന്റെ തരം വാണിജ്യം

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 522.79 എം2

പ്ലോട്ട് വിസ്തീർണം 9.5 സെന്റ്

പ്ലോട്ട് സ്ഥിതി ചെയ്യുന്നത് റി.സർവ്വേ നമ്പർ 173/2 , ഒളവണ്ണ വില്ലേജ്

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ ഒളവണ്ണ വില്ലേജ് ഓഫീസറുടെ 22.05.15 ലെ 2323/15 നം.സർട്ടിഫിക്കറ്റ്

മേൽ സർട്ടിഫിക്കറ്റ് പ്രകാരം പ്ലോട്ടിന്റെ തരം നിലം

പെർമിറ്റ് ഒപ്പിട്ട് നല്കിയത് വി.അബ്ദുൾ സലാം, സെക്രട്ടറി , ഒളവണ്ണ ഗ്രാമപഞ്ചായത്ത്

5. പെർമിറ്റ് നമ്പർ ബി.എൽ 98/15-16 തിയ്യതി 03.01.15

അപേക്ഷകൻ എം.എ മെഹബൂബ് ,ഡയറക്ടർ, നോർത്ത് ഫോർട്ട് ഡെവലപ്പേഴ്സ്,ജി 1003, ടി1, ബിസിനസ് പാർക്ക് , ഹൈലൈറ്റ് സിറ്റി , തൊണ്ടയാട് ബൈപ്പാസ്.

കെട്ടിടത്തിന്റെ തരം താമസം, ഫ്ലാറ്റ്

കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണം 14605.34 എം2

(ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ എന്നിവ അടക്കം 21 നിലകളുള്ള കെട്ടിടം)

പ്ലോട്ട് വിസ്തീർണം 34.48 സെന്റ്

പ്ലോട്ട് സ്ഥിതി ചെയ്യുന്നത് റി. സർവ്വേ നമ്പർ 23/2ബി, ഒളവണ്ണ വില്ലേജ്

കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ ഒളവണ്ണ വില്ലേജ് ഓഫീസറുടെ 04.12.14 ലെ 4144/14 നമ്പർ സർട്ടിഫിക്കറ്റ്

മേൽ സർട്ടിഫിക്കറ്റ് പ്രകാരം പ്ലോട്ടിന്റെ തരം അസ്ഥിര പുഞ്ച

പെർമിറ്റ് ഒപ്പിട്ട് നല്കിയത് പി.പിശൈലജ,സെക്രട്ടറി - ഇൻ - ചാർജ്ജ് ഒളവണ്ണ ഗ്രാമപഞ്ചായത്ത്

മേൽ പരാമർശിച്ച കെട്ടിടനിർമ്മാണങ്ങളുടെ പ്ലോട്ടുകളുടെ ഭൂമിയുടെ സ്വഭാവം നിലം അസ്ഥിരപുഞ്ച എന്നിങ്ങനെ ആയിരുന്നിട്ടും 2008 ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും ഇവയ്ക്ക് ബാധകമാക്കിയിട്ടില്ല. ഈ നിയമത്തിലെ സെക്ഷൻ 3(1) പ്രകാരം , ഇത്തരത്തിലുള്ള ഭൂപ്രദേശങ്ങളിലെ കെട്ടിടനിർമ്മാണത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പ്രാദേശികതല നിരീക്ഷണ സമിതിയാണ് ആദ്യം പരിശോധിക്കേണ്ടത് . പൊതു ആവശ്യങ്ങൾക്കോ , നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വെക്കുന്നതിനോ വേണ്ടി മാത്രമാണ് നെൽവയൽ നികത്തുന്നതിനുള്ള അപക്ഷ ജില്ലാതല അധികൃത സമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിന് പ്രാദേശിക തല നിരീക്ഷണ സമിതിക്ക് അധികാരമുള്ളൂ. നെൽവയലിന്റെ ഉടമസ്ഥന് വീട് വെക്കുന്നതിന് വേണ്ടി ആയാൽ പോലും പഞ്ചായത്തിൽ 10 സെന്റിൽ കൂടുതൽ നെൽവയൽ നികത്തുവാൻ ശുപാർശ നല്കുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമില്ല. സമിതി കൺവീനറായ കൃഷി ഓഫീസർ , അംഗമായ വില്ലേജ് ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ടുകൾ പരിഗണിച്ചാണ് ഉടമസ്ഥന് വീട് വെക്കുന്നതിന് വേണ്ടിയുള്ള കേസുകളിൽ സമിതിയുടെ ശുപാർശ ജില്ലാതല അധികൃത സമിതിക്ക് ലഭ്യമാക്കുന്നത്. പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് സംസ്ഥാനതല സമിതിയാണ്. വാണിജ്യാവശ്യത്തിനുവേണ്ടി നെൽവയൽ നികത്തുന്നതിന് മേൽ നിയമങ്ങളും ചട്ടങ്ങളും പ്രകാരം അനുമതി നല്കിയിട്ടില്ല എന്നതും ഒരു ഭൂപ്രദേശം ഈ നിയമത്തിന്റേയും ചട്ടങ്ങളുടേയും പരിധിയിൽ വരുന്നുണ്ടോ എന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നല്കിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

കർശന സ്വഭാവമുള്ള 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട നിയമങ്ങളും ചട്ടങ്ങളും ബാധകമാക്കാതെ മേൽ പരാമർശിച്ച കേസുകളിൽ കെട്ടിടനിർമ്മാണ അനുമതി നല്കിയത് ക്രമവിരുദ്ധമാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

2-6 കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരം ജില്ലാ

കലക്ടറുടെ അനുമതി വാങ്ങാതെ മതപരമായ ആവശ്യത്തിനുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നല്കി

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 7(8എ) പ്രകാരം മതപരമായ ആവശ്യങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയോ നിലവിലുള്ള കെട്ടിടം പുനർനിർമ്മിക്കുകയോ ചെയ്യുമ്പോൾ ബന്ധപ്പെട്ട ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം അനുമതി വാങ്ങാതെയാണ് താഴെപ്പറയുന്ന നിർമ്മാണത്തിന് അനുമതി നല്കിയത്.

പെർമിറ്റ് നമ്പർ ബിഎൽ-223/15-16 തിയ്യതി 03.08.15

അപേക്ഷകൻ പ്രസിഡന്റ് /സെക്രട്ടറി പന്നിയൂർകുളം മുസ്ലീം

ജുമാഅത്ത് കമ്മിറ്റി, പന്തീരങ്കാവ്

അപേക്ഷാ തിയ്യതി 30.06.15

കെട്ടിടത്തിന്റെ തരം പ്രാർത്ഥനാ മുറി (പള്ളി)

കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം 295.35 എം2

കെട്ടിടത്തിന്റെ പ്ലോട്ട് റിസർവ്വേ നമ്പർ 58/2എ, 58/2ബി

ഈടാക്കിയ പെർമിറ്റ് ഫീസ് 2072 രൂപ (11502107154/15 തിയ്യതി 31.07.15)

പെർമിറ്റ് ഒപ്പിട്ട് നല്കിയത് ശ്രീ. വി.അബ്ദുൾ സലാം , സെക്രട്ടറി , ഒളവണ്ണ ഗ്രാമപഞ്ചായത്ത്

20.07.15 ൽ ശ്രീമതി. ജോസ്സി ടോം ,ഓവർസിയർ എഴുതിയ നോട്ട് പ്രകാരം നിലവിലുള്ള ഒരു മുസ്ലീം പള്ളിക്ക് പുറകിലായി ആണ് പുതിയ ഹാൾ നിർമ്മിക്കുന്നത്. എന്നാൽ നല്കിയ പെർമിറ്റ് പ്രകാരം 14/131 നമ്പർ കെട്ടിടം ഭേദഗതി വരുത്തിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്.

ചട്ടപ്രകാരം നിഷ്കർഷിച്ച കലക്ടറുടെ അനുമതി ഇല്ലാതെ 03.08.15 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 16(എ) പ്രകാരം കെട്ടിടനിർമ്മാണ അനുമതി നല്കിയത് ക്രമവിരുദ്ധമാണ്.

അപാകത വിശദീകരിക്കേണ്ടതാണ്.

2-7 ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ

1. കേരള സർക്കാരിന്റെ 14.01.2011 ലെ സ.ഉ(അ)20/2011തസ്വഭവ, 13.03.2013 ലെ സ.ഉ(അ)88/2013തസ്വഭവ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി 01.04.2013 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.എന്നാൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2013- 14വർഷം പ്രാബല്യം നല്കി വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല. ഇക്കാര്യം കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷത്തിലും നടപടി ഒന്നും ഉണ്ടായിട്ടില്ല. കെട്ടിടങ്ങളുടെ തറവിസ്തീർണം അടിസ്ഥാനമാക്കി വസ്തുനികുതി പുനർനിർണയം ചെയ്യാത്തതിനാൽ ഈ മേഖലയിൽ വൻതോതിൽ വരുമാന ചോർച്ച ഉണ്ടാകുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു.

2. 2015-16 ലെ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വസ്തുനികുതിയുടെ തൻവർഷത്തെ ഡിമാൻഡ് രജിസ്റ്റർ പൂർണമായി തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

2-8 അടുത്തടുത്ത ദിവസങ്ങളിൽ ഉപയോഗിച്ച സാംഖ്യ രശീതുകളുടെ ക്രമനമ്പറുകളിൽ തുടർച്ചയില്ല.

ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ അടുത്തടുത്ത ദിവസങ്ങളിൽ ഉപയോഗിച്ച താഴെപ്പറയുന്ന സാംഖ്യ രശീതുകളുടെ ക്രമനമ്പറുകൾക്ക് തുടർച്ചയില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.

ക്രമ നമ്പർ	തിയ്യതി	ഉപയോഗിച്ച സാംഖ്യ രശീതുകൾ	കാഷ് കലക്ഷൻ (രൂപ)	ബാങ്കിൽ അടച്ച തിയ്യതി
1.	24.02.2016	11502115886 മുതൽ 11502115976 വരെ	303711	25.02.2016
2.	25.02.2016	11508100002 മുതൽ 11508100103 വരെ	114055	26.02.2016

11502115977നമ്പർ രശീത് 25.02.2016ൽ കാൻസൽ ചെയ്തിട്ടുണ്ട്.26.02.16ൽ ഉപയോഗിച്ച രശീതുകൾ 11502115978 മുതൽ 11502116077 വരെയാണ്.24.02.2016 – 25.02.16 തിയ്യതികൾക്കിടയിൽ സാംഖ്യ രശീതുകളുടെ ക്രമനമ്പറുകളുടെ തുടർച്ച നഷ്ടപ്പെട്ടത് ഐ.കെ.എം വിഭാഗത്തിന്റെ മേലധികാരികളെ അറിയിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കാലയളവിൽ സാംഖ്യ രശീത് പ്രിന്റ് ചെയ്യുന്നതിനുള്ള സ്റ്റേഷനറികളുടെ ക്രമനമ്പറുകളുടെ തുടർച്ചയും സ്റ്റേഷനറികൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിച്ച് അറിയിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 റോഡ്കോൺക്രീറ്റിംഗ്ഐആർസിസ്പെസിഫിക്കേഷനു വിരുദ്ധം

ഓഡിറ്റ് വർഷങ്ങളിൽ റോഡ് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ റോഡുകളിൽ കോൺക്രീറ്റ് പ്രവൃത്തികളാണ് കൂടുതലും ചെയ്തതെന്ന് കാണുന്നു. റോഡുകളെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ,മേജർ ജില്ലറോഡുകൾ,മറ്റ് ജില്ലറോഡുകൾ,ഗ്രാമീണറോഡുകൾ എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. അധികച്ചെലവ് കാരണം സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് സ്റ്റേറ്റ് ഹൈവേകളിൽ ഒഴിവാക്കിയതായി ഐ.ആർ.സി. സ്പെസിഫിക്കേഷന്റെ ആമുഖത്തിൽ പറയുന്നുണ്ട്.സ്റ്റേറ്റ് ഹൈവേകളിൽ വളവുകളിൽ ഡിപ്(dip)വരുന്ന ഇടങ്ങളിലും ബസ്സ്റ്റേഷനുകൾക്കടുത്തും മാർക്കറ്റിന്റെ ഭാഗങ്ങളിലും വേണമെങ്കിൽ കോൺക്രീറ്റ് ചെയ്യാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ഗ്രേഡ് നല്ല പോലെ കൺസോളിഡേറ്റ് ചെയ്യാനും എക്സ്പാൻഷന്(expansion)ആവശ്യമായ പ്രൊവിഷൻ ഉൾപേപെടുത്താനും നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞവയല്ലാതെ സ്റ്റേറ്റ് റോഡുകളിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്

ചെയ്യേണ്ടതെന്ന് ഐ.ആർ.സി.യിൽ പ്രതിപാദിച്ചിട്ടുണ്ട്.സ്റ്റേറ്റ് റോഡുകളിൽ പരിമിതമായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ് പഞ്ചായത്തിലെ ഗ്രാമീണറോഡുകളിൽ ഭൂരിഭാഗവും ചെയ്തിട്ടുള്ളത്. ഐ.ആർ.സി.58, ഐ.ഐ.ആർ.സി.15-2011എന്നിവയാണ് കോൺക്രീറ്റ് പേവ്മെന്റിനുള്ള സ്പെസിഫിക്കേഷനുകൾ. ഇവയൊന്നും ഗ്രാമീണറോഡുകൾക്ക് ബാധകമല്ല.മാത്രമല്ല ഐ.ആർ.സി.സ്പെസിഫിക്കേഷൻ പ്രകാരം ട്രാഫിക്കിന്റെ ആധിക്യം മൂലമുള്ള ലംബദിശയിലുള്ള ലോഡാണ് റോഡിന്റെ ഉപരിതലത്തിന്റെ തരം തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം. അത് കൊണ്ടാണ് സ്റ്റേറ്റ് റോഡുകളിൽ വരെ കോൺക്രീറ്റ് ചെയ്യുന്നത് പരിമിതപ്പെടുത്തിയത്. ഐ.ആർ.സി സ്പെസിഫിക്കേഷൻ 62-2014 ആണ് ഗ്രാമീണ റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള സ്പെസിഫിക്കേഷൻ വ്യക്തമാക്കുന്നത്.ഈ സ്പെസിഫിക്കേഷനിൽ ട്രാഫിക്കിന്റെ ബാഹുല്യം അടിസ്ഥാനപ്പെടുത്തിയാണ് വ്യത്യസ്തരീതിയിലുള്ള സബ്ബ്ഗ്രേഡ് ഉപയോഗിക്കേണ്ടതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നടത്തിയ കോൺക്രീറ്റ് പ്രവർത്തികൾ, ട്രാഫിക്ക് സംബന്ധിച്ചുള്ള സർവ്വെയോ, മറ്റ് അന്വേഷണങ്ങളോ അടിസ്ഥാനപ്പെടുത്തിയല്ല ചെയ്തിട്ടുള്ളത്. മാത്രമല്ല പ്രസ്തുത സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുള്ള സബ്ബ്ഗ്രേഡുകൾ ഒന്നുംതന്നെയല്ല പഞ്ചായത്തിലെ പ്രവർത്തികൾക്ക ഉപയോഗിച്ചിട്ടുള്ളത്. പഞ്ചായത്തിലെ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി കോൺക്രീറ്റ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടില്ല.സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്. ഐ.ആർ.സി.സ്പെസിഫിക്കേഷൻ-34 -ൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ റോഡുകൾക്കുള്ള സംരക്ഷണം സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. മേല്പറഞ്ഞ സ്പെസിഫിക്കേഷനുകളിലൊന്നും തന്നെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു കോൺക്രീറ്റ് പരിഹാരമായി പറയുന്നില്ല. ഈ സ്പെസിഫിക്കേഷനിലും റോഡുകളുടെ സംരക്ഷണത്തിന് ഐ.ആർ.സി.സ്പെസിഫിക്കേഷൻ 305ലേതു പോലെ തന്നെ സബ്ബ്ഗ്രേഡു ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിപാദിച്ചിട്ടുള്ളത്.

കരിങ്കല്ല് പാകിയതിന് ശേഷം ക്വാറിപ്പൊടിയിട്ട് 1:2:4അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് പഞ്ചായത്തിലെ റോഡുകളിൽ എല്ലായിടത്തും നടത്തിയത്.ഇത് ഐ.ആർ.സി.സ്പെസിഫിക്കേഷന് വിരുദ്ധമാണെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.(ഡി.ബി.4-762/2012/സി.ഇ.ത.സ്വ.ഭ.വ/16.10.2012)IRCസ്പെസിഫിക്കേഷന് വിരുദ്ധമായി നടത്തിയ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമനം.	പ്രവൃത്തിയുടെ വിവരം	നിയമവിരുദ്ധമായി ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയും നൽകിയ തുകയും	ആകെ ചെലവ്
1	മംഗലോളി മീത്തൽ ഫുട്പാത്ത് പ്രോജക്റ്റ് നം.178/16 ഡിഡിനം.012419/8/12/16 278263/-രൂപ കരാറ്കാരൻ:അരുൺ കമാർ.വി.	1)കരിങ്കല്ല് പാകുന്ന പ്രവൃത്തി(rough stone packing)63.23എം3@1738=109893.74/-രൂപ 2)പാകിയ കരിങ്കല്ലിനിടയിൽ ക്വാറിപ്പൊടിയിടുന്ന പ്രവൃത്തി- 9.48എം3@1055=10001/-രൂപ 3)1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി- 20.70dm3@79.50dm3=164565/-രൂപ	284460/-രൂപ

2	നൂഞ്ഞിയിൽ ഇടവഴികോൺക്രീറ്റിംഗ്.S0175/15 എംബുക്ക്116/14-15,61/14-15 ഡിഡിനം. 929979/15.7.2015 202098/-രൂപ കരാറ്കാരൻ:ആർ.എം.മുഹമ്മദ്.	1)കരിങ്കല്ല് പാകുന്ന പ്രവൃത്തി(rough stone packing)-52.31എം3@1738=90914-രൂപ 2)പാകിയ കരിങ്കല്ലിനിടയിൽ ക്വാറിപ്പൊടിയിടുന്ന പ്രവൃത്തി- 7.84എം3@1055=8271/-രൂപ 3)1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി- 19510dm3@79.50dm3=155104.50രൂപ	172467/-രൂപ
3	ഇല്ലത്തു മീത്തൽ-പാല കുറുമ്പ റോഡ്. S0145/14. എംബുക്ക്141/14-15 ഡിഡിനം.897487/25.1.2016 532048/-രൂപ കരാറ്കാരൻ:ദീലീപ് കമാർ	1)കരിങ്കല്ല് പാകുന്ന പ്രവൃത്തി(rough stone packing)- 85.44എം3@1738=148494.72/-രൂപ 2)പാകിയ കരിങ്കല്ലിനിടയിൽ ക്വാറിപ്പൊടിയിടുന്ന പ്രവൃത്തി- 12.82എം3@1055=13525/-രൂപ 3)1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി- 35015dm3@79.50dm3=278369.25/-രൂപ	440389/-/-രൂപ
4	ചെറുവളപ്പിൽതാഴം കുഞ്ഞാവിൽ മീത്തൽ റോഡ് കോൺക്രീറ്റിംഗ് S0163/16 എംബുക്ക്72/14-15 ഡിഡിനം.048666/8.4.2015 =610042/-രൂപ കരാറ്കാരൻ:അസ്സൈൻ ഇ.എൻ.	1)കരിങ്കല്ല് പാകുന്ന പ്രവൃത്തി(rough stone packing) – 87.46എം3@1100/-=96206/-/-രൂപ 2)1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി- 7166.7dm3@79.50dm3=569753/-രൂപ	665959/-രൂപ
5	പാറമ്മൽ പുൽപ്പറമ്പിൽ റോഡ്.. S0162/15എംബുക്ക്244/14-15 52000/-,890845/6.5.2015, 75825/--048641/8/4/2015 കരാറ്കാരൻ:മുകുന്ദൻ.കെ	1)കരിങ്കല്ല് പാകുന്ന പ്രവൃത്തി(rough stone packing)-29.71എം3@1100=28281/-രൂപ 2)1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്ന പ്രവത്തി- 6675.8dm3@79.50dm3=530726.10/-/രൂപ	559007/-രൂപ
		ആകെ-	2122282

ഐആർസി സ്പെസിഫിക്കേഷന് വിരുദ്ധമായി നടത്തിയ പ്രവൃത്തികൾക്കായി ചെലവഴിച്ച 2122282/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 ടാറു വിതരണം ചെയ്തതും ഉപയോഗിച്ചതും തമ്മിൽ പൊരുത്തമില്ലായ്മ-ചെലവു തുക തടസ്സപ്പെടുത്തുന്നു

പള്ളിപ്പുറം ചാത്തോത്ത് തറ റോഡ്

പ്രോജക്റ്റ് നം-309/15

എം.ബുക്ക് നം-42/14-15

കരാറുകാരൻ-മുജീബുറഹിമാൻ ഇ,പി.

എഗ്രിമെൻറ് എഇ/ഒഎൽവി/114/14-15/11.2.2015

സാങ്കേതിക അനുമതിതുക-700000/-

ബിൽ തുക-578646/-നം-5/15-16/15.7.2015

2014-15 വർഷത്തെ പ്രസ്തുത പ്രവൃത്തി 2015-16 വർഷം സ്പിൽഓവറായി ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ഫയലിലെ കൈപ്പറ്റ്പ്രകാരം പഞ്ചായത്തിൽ നിന്നും ടാർനല്കിയത് 15ബാരലാണ് എന്ന് കാണുന്നു.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നല്കിയത് 13 ബാരലാണെന്നും കാണുന്നു. എം.ബുക്ക്പ്രകാരം 17ബാരൽ ടാർ ഉപയോഗിച്ചിട്ടുണ്ട്. ഈ പൊരുത്തക്കേടുകളുടെ കാരണം വിശദീകരിയ്ക്കേണ്ടതാണ്. കൂടാതെ കരാറുകാരന് മേൽപ്രവർത്തിക്കായി 549714/- രൂപ നല്കിയതിന്റെ രേഖകൾ ഫയലിൽ ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിയ്ക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3-3 നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനായി ചെലവു രേഖകൾ ഹാജരാക്കിയില്ല

2015-16 വർഷം ഗവൺമെന്റ് എൽ പി സ്കൂൾ, കൂടത്തും പാറയിലെ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഐകെഎം പദ്ധതി ചെലവു പത്രിക പ്രകാരം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ പറയുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്,,നം	അടങ്കൽ തുക	ചെലവ് തുക
1	4/ 16,വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ	485000/-	282636/-
2	406/16,ജി എൽ പി സ്കൂൾ ഒളവണ്ണ-ഫർണ്ണിച്ചർ വാങ്ങൽ	300000/-	298967/-
3	358/16അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി	200000/-	33625/-
ആകെ			615228/-

എന്നാൽ പ്രോജക്ടുകളും,അതുസംബന്ധിച്ച ചെലവുരേഖകൾ ബിൽ ബുക്ക്,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല . ഓഡിറ്റ് തിയ്യതിക്കു മുമ്പ തന്നെ സെക്രട്ടറി നിലവിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. കൂടാതെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 29.11.2016ൽ നൽകിയ ഓഡിറ്റ് റിക്വസിഷന് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സ് മറുപടി നൽകിയതു പ്രകാരം ശ്രീ വി.പി.കുഞ്ഞുമൊയ്തീൻ,(1'4.15മുതൽ 2..6.2016 വരെഎന്ന അദ്ധ്യാപകനും,2.6.2016 അപരാഹ്നം മുതൽ 20.6.2016 വരെ ശ്രീ.ശശിധരൻ എന്ന അദ്ധ്യാപകനും ആയിരുന്നു പ്രധാന അദ്ധ്യാപകനും നിർവ്വഹണ ഉദ്യോഗസ്ഥരുമായിരുന്നത് എന്നറിയിച്ചിട്ടുണ്ട് ,നിർവഹണ ഉദ്യോഗസ്ഥരെന്ന നിലയിൽ മേല്പടി ഉദ്യോഗസ്ഥർ യാതൊരു രേഖകളും നിലവിലെ ഉദ്യോഗസ്ഥയ്ക്ക് നല്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ 1997ലെ കേരളാ പഞ്ചായത്തരാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടം12(2) പ്രകാരം മേൽ പദ്ധതികൾക്കായി ഐ,കെ,എം-ന്റെ സ്റ്റേറ്റുമെന്റുപ്രകാരം ചെലവായി കാണിച്ച തുകകൾ രേഖകളുടെ അഭാവത്തിൽ ചെലവുചെയ്തിട്ടില്ല എന്ന അനുമാനത്തിൽ 615228/-രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ പ്രഥമ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

3-4 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും നിയമാനുസൃത ചുമതലകളിൽ നിന്ന് വ്യതിചലിച്ചും പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം	59/16 വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ
നിർവ്വഹണം	സെക്രട്ടറി
വകയിരുത്തിയ തുക	422154/- (വികസന ഫണ്ട്)
ചെലവ് തുക	172655/- ബിൽനം 8/15-16/25.1.16

സ്കൂളുകളിൽ ദിവസ വേതനത്തിന് താൽകാലിക നിയമനം, മദർ പിടിഎ ശിൽപ്പശാല, സ്കൂൾതല സഹവാസ ക്യാമ്പുകൾ, അദ്ധ്യാപക നിർമ്മാണ പരിശീലനങ്ങൾ, വിജയോത്സവം എന്ന പേരിലുള്ള എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള രാത്രികാല പഠന ക്യാമ്പുകൾ, അദ്ധ്യാപകർക്കുള്ള ഭാഷാ പരിശീലനം പ്രീ പ്രൈമറി ടെയിനിങ്ങ്, പ്രീപ്രൈമറി ക്ലസ്റ്റർ എന്നിവയാണ് മേൽ പ്രോജക്ടിൽ നടത്തിയത്.

ആയതിനായി താഴെ പറയുന്ന രീതിയിൽ ചെലവു ചെയ്തിട്ടുണ്ട്.

മദർ പിടിഎ ശില്പശാല	പന്തൽ,മൈക്ക്, പരിശീലകന്റെ ചെലവ്	2000
സഹവാസ ക്യാമ്പ്	ഭക്ഷണം, പരിശീലകർ, പന്തൽ ചെലവ്	23375
എസ്എസ്എൽസി വിജയോത്സവം	ഭക്ഷണം, പരിശീലകർ, ചെലവ്	58000
റിസർവ്വ് പൂൾ അദ്ധ്യാപക നിയമനം	പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകർ അവധിയെടുക്കുമ്പോൾ പകരം അദ്ധ്യാപകരെ നിയമിച്ച് ദിവസ വേതനം നൽകൽ	77400

അദ്ധ്യാപക പരിശീലനവും അദ്ധ്യാപക സംഗമവും	പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലങ്ങൾ നല്കലും സംഗമം നടത്തുന്നതിനുമുള്ള ഭക്ഷണം, പരിശീലകർ, പന്തൽ ചെലവ്	8350
കരകൗശലനിർമ്മാണം പരിശീലനം	ഭക്ഷണ പരിശീലന ചെലവ്	3530
ആകെ		172655

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്. 166(1) പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. 18.01.1996ലെ (എം.എസ്)14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും മേൽ ഉത്തരവുകളിലെയും മറ്റും നിബന്ധനകൾ പാലിക്കാതെയും തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി. മിക്ക നിയമനങ്ങളും രണ്ടു മുതൽ പത്തു വരെ ദിവസങ്ങളിലേക്കാണ് നടത്തിയത്.

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും,

തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിച്ചില്ല. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടിയിരുന്നത്. എസ്എസ്എ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 2014-15വർഷത്തിൽ 12,08,064 രൂപയും 2015-16 വർഷത്തിൽ 1466688 രൂപയും എസ്എസ്എയ്ക്ക് അടവാക്കിയിട്ടുണ്ട്. ആയത് എസ്എസ്എ പഞ്ചായത്തിൽ ആ വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളുടെ 35% മാത്രമാണ്. അതായത് 2014-15വർഷത്തിൽ 35 ലക്ഷം രൂപയുടെയും 2015-16 വർഷത്തിൽ നാല്പത്തിരണ്ട് ലക്ഷം രൂപയുടെയും വിദ്യാഭ്യാസ പദ്ധതികൾ (പരിശീലനങ്ങളടക്കം) പഞ്ചായത്തിൽ എസ്എസ്എ മുഖാന്തിരം നടപ്പാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ എസ്എസ്എ നടത്തിയിട്ടുണ്ടോ എന്ന് പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. പഞ്ചായത്ത് വിഹിതം അടവാക്കിയത് വിനിയോഗിച്ചത് സംബന്ധിച്ച വിശദ വിവരം എസ്എസ്എ ലഭ്യമാക്കിയിട്ടുമില്ല.

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല. മാത്രമല്ല പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടി നടപ്പാക്കിയതും.

പിടിഎയ്ക്കുള്ള പരിശീലനവും ശിൽപ്പശാലകളും സഹവാസക്യാമ്പുകളും പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്നത് പൊതു പണത്തിന്റെ ദുരുപയോഗമാണ്. ആയതിന് അതാത് പിടിഎകൾ സ്വയം രൂപികരിക്കുന്ന ഫണ്ടുപയോഗിച്ച് നടപ്പാക്കേണ്ടിയിരുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നടപ്പാക്കിയ പദ്ധതിക്കു വേണ്ടി ചെലവഴിച്ചതിന് നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 172655/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും പ്രോജക്ടിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അംഗീകാരം നൽകിയഉദ്യോഗസ്ഥന്റെ പേര് അംഗീകാര വിവരം എന്നിവ പ്രോജക്ടിൽ നിന്നും ലഭ്യമല്ല. അംഗീകാരം നൽകിയഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം, എന്നിവ ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ബാദ്ധ്യത സെക്രട്ടറിയിൽ നിജപ്പെടുത്തുന്നു.

3-5 ക്ലീൻ ഒളവണ്ണ ഗ്രീൻ ഒളവണ്ണ - പ്രോജക്ട് അപാകതകൾ-തെറ്റായ രേഖയുടെ അടിസ്ഥാനത്തിൽ പണം കൈപ്പറ്റി

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് - 69/16ക്ലീൻ ഒളവണ്ണ ഗ്രീൻ ഒളവണ്ണ

അടങ്കൽ- 523000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 425000 ബിൽ നം. 2/15-16/22.8.15

73003 34/15-16/31.3.16

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനത്തിനായി വാർഡുകളിൽ നിന്ന് ആയത് ശേഖരിച്ച് 12 കേന്ദ്രങ്ങളിൽ എത്തിക്കാനും അവിടെ നിന്ന് ക്വട്ടേഷൻ വിളിച്ച് ആയത് നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

23.6.15 ന് മാതൃഭൂമി പത്രത്തിൽ മാത്രമാണ് ക്വട്ടേഷൻ പരസ്യം നല്കിയത്. ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ടി.പി.മുഹമ്മദ് അഷ്റഫ് എന്നയാൾക്ക് ഒരു ലോഡിന് (15m3) 27000/- രൂപ എന്ന നിരക്ക് അംഗീകരിച്ചു. (8.7.15 ലെ 2(a) നം തീരുമാനം). മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

25 ലോഡ് ശേഖരിച്ച് കർണാടകയിലെ മാണ്ഡ്യയിലുള്ള ഇഹ്സാൻ പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് യൂണിറ്റിലെത്തിച്ചതായി മാലിന്യങ്ങൾ എത്തിച്ച ലോറി നമ്പർ സഹിതം പ്രസ്തുത കമ്പനി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ കൊണ്ടു പോയ ഡ്രൈവർമാർ നല്കിയ ട്രിപ്പ് ഷീറ്റും തെളിവായി നൽകിയിട്ടുണ്ട്. ആയതിൽ നല്കിയ ലോറി നമ്പറുകൾ കേരളാ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ രണ്ടു നമ്പറുകൾ മറ്റു വാഹനങ്ങളുടേതാണെന്നു കണ്ടു.

നല്കിയ ട്രിപ്പ് ഷീറ്റ് കമ്പനിയുടെ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം 15m3 മാലിന്യം കൊണ്ടുപോയ ലോറി രജി. നം.	കേരളാ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം പ്രസ്തുത നമ്പറിലുള്ള വാഹനം
KL 13 L 133	സുമേഷ്.പി എന്നയാളുടെ ഉടമസ്ഥത യിലുള്ള മോട്ടോർ ബൈക്ക്
KL 57 -5071	ആനന്ദൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള മാരുതി കാർ

മറ്റു വാഹനങ്ങളുടെ നമ്പറുകൾ എഴുതിയ വ്യാജ ക്ലെയിമുകൾക്ക് 27000 രൂപ വീതം 54000 രൂപ അനുവദിച്ചിട്ടുണ്ട്.

2. മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് സൗകര്യത്തിനായി വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച് 12 കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഓരോ വാർഡ് മെമ്പർമാർക്കും 5000/- രൂപയിൽ പരിമിതപ്പെടുത്തി തുക നൽകിയിട്ടുണ്ട്. ആയതിന് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. മാലിന്യങ്ങൾ ഇത്തരത്തിൽ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ഏർപ്പെടുത്തിയ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ്, വാഹനങ്ങളുടെ ഡ്രൈവർമാരുടെ അപേക്ഷയും തുക ഡ്രൈവർക്ക് നൽകിയതിനാൽ തുക അനുവദിക്കണമെന്ന മെമ്പർമാരുടെ ക്ലെയിമും ആധാരമാക്കിയാണ് തുക നൽകിയത്. ഇങ്ങനെയുള്ള നമ്പറുകൾ കേരളാ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ പലതും ഇല്ലാത്ത വാഹനങ്ങളോ മാലിന്യം കൊണ്ടു പോകാൻ ശേഷിയില്ലാത്ത വാഹനങ്ങളോ ആണെന്നു കണ്ടു.

മെമ്പറുടെ പേര് വാർഡ് നം	മാലിന്യങ്ങൾ കൊണ്ടു പോയ വാഹനങ്ങളുടെ	കേരളാ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകരം	നല്കിയ തുക

	രജി നം	വാഹനം	
ഷീബ	KL 15 C 6636	ഇല്ലാത്ത നമ്പർ	5000
ജയശ്രീ പിലാക്കുന്നത്ത്	KL 11 E 1057	നാരായണൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ സൈക്കിൾ	4000
ശുഭ	KL 15 C 6636	ഇല്ലാത്ത നമ്പർ	5000
ലളിത	KL 11 H 1166	RC surrendered	4565
വി.ഷൈജ	KL 15 C 293	ഇല്ലാത്ത നമ്പർ	4000
ടി.ടി.പ്രശാന്ത്	KL 11 Q 2582	പ്രശാന്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ സൈക്കിൾ	4000
ആകെ			26565

ഇല്ലാത്ത വാഹനങ്ങളുടെയും മാലിന്യങ്ങൾ കൊണ്ടു പോകാൻ ശേഷിയില്ലാത്ത വാഹനങ്ങളുടെയും നമ്പറുകൾ വച്ച് ഡ്രൈവർമാരുടെ പേരിലുള്ള ക്ലെയിമുകൾക്ക് തുക അനുവദിച്ചു.

3. എഗ്രിമെന്റ് പ്രകാരം 15m3 കയറ്റി അളവെടുത്ത രേഖയുടെയും ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കാവൂ. എന്നാൽ ആയത് ഹാജരാക്കാതെ തന്നെ തുക നല്കി.

4. കേന്ദ്ര പരിസ്ഥിതി വകുപ്പിൽ നിന്ന് ലഭിച്ച 250000/- രൂപ പ്രോജക്ടിനു വേണ്ടി ചെലവു ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

5. ഒരു ലക്ഷം രൂപ മേൽ ഫണ്ടിൽ നിന്നും മുൻകൂർ നൽകിയതായും ബാക്കി ഒന്നര ലക്ഷം രൂപ നൽകേണ്ടതാണെന്നും ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിച്ച തുക എസ്ബിടി യിലാണ് നിക്ഷേപിച്ചത്. എന്നാൽ കെ.ഡി.സി ബാങ്കിലുള്ള പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നാണ് ചെക്ക് നല്കിയിട്ടുള്ളത്. മുൻകൂറിനായി കരാറുകാരൻ ആവശ്യപ്പെട്ടതായോ ആയത് കൈപ്പറ്റിയതായോ രേഖകളില്ല.

6. മാലിന്യങ്ങൾ സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോയതിന് ചെക്ക് പോസ്റ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7. കരാറുകാരന് ആകെ 675000 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും വാറ്റ്/സർവ്വീസ് ടാക്സ്, ആദായ നികുതി എന്നിവ പിടിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചു നല്കിയി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തെറ്റായ ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ നൽകിയ തുക 80565/- രൂപ (54000 + 26565) അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന

667438/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

3-6 കാലിത്തൊഴുത്ത് നിർമ്മാണം - സബ്സിഡി അധികം നൽകി

പ്രോജക്ട് - 13/16 കാലിത്തൊഴുത്ത് നിർമ്മാണം

നിർവ്വഹണം വെറ്ററിനറി സർജ്ജൻ

അടങ്കൽ 100000 വികസന ഫണ്ട്

ചെലവ് 100000 ബിൽ നം. 5/15-16/31.3.16

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ പത്ത് ഗുണഭോക്താക്കൾക്ക് 10000/- രൂപ വീതം തൊഴുത്ത് നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. 16.11.13 ലെ സ.ഉ(സ)362/13/തസ്വഭവ ഉത്തരവു പ്രകാരം ആകെ ചെലവു തുകയുടെ 50% പരമാവധി 10000/- രൂപയാണ് സബ്സിഡിയായി നൽകേണ്ടത്. ഗുണഭോക്താവ് സമർപ്പിച്ച ചെലവു വിവരങ്ങൾ പരിഗണിക്കാതെ എല്ലാവർക്കും 10000/- രൂപ വീതം ധനസഹായം നല്കിയതിനാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികം തുക നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്താവിന്റെ പേര് വാർഡ് നം	സമർപ്പിച്ച രേഖകൾ പ്രകാരം നിർമ്മാണത്തിന് വേണ്ട ചെലവ്	50% സബ്സിഡി ആയി നല്കേണ്ട തുക	നൽകിയത്	അധികം
എടക്കണ്ടി സാവിത്രി വാർഡ് 8	13490	6745	10000	3255
നടുവിലക്കണ്ടി ഉണ്ണിക്കൃഷ്ണൻ വാർഡ് 7	19000	9500	10000	500
ആകെ				3755

സബ്സിഡി നല്കിയ പത്തു ഗുണഭോക്താക്കളുടെ കാര്യത്തിലും എൽഎസ്ഡിഡി എഞ്ചിനീയർ വാല്വേഷൻ നല്കുകയോ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പറിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അധികം നൽകിയ തുക 3755 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-7 മുട്ടക്കോഴി വിതരണം ഗുണഭോക്തൃവിഹിതം പിരിവിലും ബില്ലിലും അവ്യക്തത

പ്രോജക്ട് നം. : 17/2013-14

പ്രോജക്ടിന്റെ പേര് : മുട്ടക്കോഴി വളർത്തൽ

അടങ്കൽ 267030 വികസന ഫണ്ട്

88320 ഗുണഭോക്തൃ വിഹിതം

355350

ചെലവ് : 227800 വികസന ഫണ്ട്- ബിൽ നം. : 1/15-16 /18.1.16 152800

2/15-16/ 23.2.16 39825

3/15-16 31.3.16 35175

87500

315300

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിക്കാത്ത വനിതകൾക്ക് 90 രൂപ വീതം വിലയുള്ള 5 കോഴികളെ 75% സബ്സിഡി നിരക്കിൽ നൽകുന്നതാണ് ഈ പദ്ധതി. ആയതു പ്രകാരം 3400 മുട്ടക്കോഴികളെ വിതരണം ചെയ്യാനായി കക്കോടി എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ടായി.

1. ഓരേ സ്ഥലത്ത് മുട്ടക്കോഴിക്ക് രണ്ടു തരത്തിൽ വിലയീടാക്കി

കക്കോടി എഗ്ഗർ നഴ്സറിയിൽ നിന്നും മൂന്നു തവണയായാണ് 3400 മുട്ടക്കോഴികളെ വാങ്ങിയത്. വിലവിവരം താഴെ പറയുന്നു.

ഇൻവോയ്സ് നം. തിയ്യതി	കോഴികളുടെ എണ്ണം	ആകെ വില
8/31.3.16	525	47250
കാഷ്ബിൽ ഇല്ല. തിയ്യതിയില്ലാത്ത രശീത് മാത്രം	875	78750
	2000	204000
	3400	330000

ആദ്യ രണ്ടു ബില്ലുകൾ പ്രകാരം ഒരു കോഴിക്ക് 90 രൂപയും അവസാന ബില്ലിൽ 102 രൂപയുമാണ് ഈടാക്കിയത്. അവസാന ബിൽ മാത്രമാണ് ഫോം 8 B പ്രകാരമുള്ള നിയമാനുസൃത കാഷ് ബിൽ നൽകിയത്. എന്നാൽ ആയതിൽ വിൽപന നികുതി നിരക്ക് രേഖപ്പെടുത്തുകയോ നികുതി ഈടാക്കിയത് പ്രത്യേകം എഴുതുകയോ ചെയ്തിട്ടില്ല.

2. ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ അവ്യക്തത

മുകളിലെ വില വിവരമനുസരിച്ച് ആകെ തുകയായ 330000 രൂപയുടെ 25% ആയ 82500/- രൂപ ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിലടവാക്കേണ്ടിയിരുന്നു. ആയതിനു പകരം 87500 രൂപ അടവാക്കിയിട്ടുണ്ട്.

പഞ്ചായത്ത് രശീതി നം. /തിയ്യതി	തുക
11502111464/27.11.15	25600
11502111820/5.12.15	25600

11502113964/2.1.16	22400
11502117555/31.3.16	13650
ആകെ	87250

രശീതി ബുക്കുകൾ പ്രകാരം 575 ഗുണഭോക്താക്കളിൽ നിന്നും കോഴിക്ക് 128 രൂപ വീതവും 105 പേരിൽ നിന്നും 130 രൂപ വീതവും ഗുണഭോക്തൃ വിഹിതമായി ഈടാക്കിയിട്ടുണ്ട്. വിതരണക്കാരായ കക്കോടി എഗ്ഗർ നഴ്സറി നൽകിയ രശീത് പ്രകാരം 1400 കോഴികളെ വിതരണം ചെയ്തതിനും വില കാണിച്ചത് 90 രൂപയാണ്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും 112.50 രൂപയ്ക്ക് പകരം 128 രൂപ ഈടാക്കിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 687 പേർക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 355350 രൂപ തടസ്സപ്പെടുത്തുന്നു.

3-8 കറവപ്പശു വിതരണം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം. : 12/116

പ്രോജക്ടിന്റെ പേര് : കറവ പശു വളർത്തൽ

അടങ്കൽ : 1,50,000/- (വികസന ഫണ്ട്)

1,50,000/-(ഗുണഭോക്തൃ വിഹിതം)

ചെലവ് 1,50,000/- (വികസന ഫണ്ട്) ബിൽ നം. 5/15-16 31.03.2016

ക്ഷീരകർഷകർക്ക് 30,000 രൂപ വില വരുന്ന പശുവിനെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ഇതു പ്രകാരം 2015-16 വർഷം 10 ഗുണഭോക്താക്കൾക്ക് കറവപ്പശുക്കൾ ലഭിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നം.248/2012/ത.സ്വ.ഭ.വ തീയതി 29.09.2013 പ്രകാരം പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധിയും കൺവീനറായി നിർവ്വഹണോദ്യോഗസ്ഥനും ഗുണഭോക്താക്കളിൽ നിന്ന് ഏഴു പേരും ഉണ്ടായിരിക്കണം. എന്നാൽ പ്രാദേശികമായി ഉരുക്കളെ വാങ്ങിയപ്പോൾ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചില്ല. ഗുണഭോക്താക്കൾ ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്നുള്ള കരാർ ചമച്ചില്ല. ഉരുക്കളുടെ സ്പെസിഫിക്കേഷനും വിലയും ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചതിന്റെ ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-9 ക്രൂസിൽ നിന്നും തെരുവു വിളക്കിനുള്ള ഉപകരണങ്ങൾ വാങ്ങി - കാഷ് ബിൽ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - 65/16 തെരുവു വിളക്ക് സ്ഥാപിക്കൽ

നിർവ്വഹണം സെക്രട്ടറി

അടങ്കൽ - 13957 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

567705 തനത്ഫണ്ട്

581662

266731 1682623/27.10.15 തനത് ഫണ്ട്

പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ റിപ്പയറിനായി ക്രൂസിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനായാണ്. മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി പ്രോഫോർമ ഇൻവോയ്സ് ആധാരമാക്കി ക്രൂസിന് 266731 രൂപ അടവാക്കി. (ഡിഡി നം 896203/19.1.16)

ഇനം	എണ്ണം	നിരക്ക് വാറ്റ്	തുക	നികുതി	ആകെ
36/40 watt tube	1200	39.30+14.5%	47160	6838.2	53998.20
Aluminium ballast for 36/40 watt tube	750	124.89+14.5%	93667.5	13581.79	107249.29
Rotar holder36/40	900	6.99+14.5%	6291	912.20	7203.20
1x40 single tube	60	1430+14.5%	85834.20	12445.96	98280.16
					266730.84

എന്നാൽ യഥാർത്ഥ കാഷ് ബിൽ ക്രൂസ് ലഭ്യമാക്കിയിട്ടില്ല. ആയത് കൊണ്ട് ഇൻവോയ്സിൽ നിന്നും വിലകളിൽ വ്യതിയാനമുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. കാഷ് ബിൽ ഇല്ലാതെ മുൻകൂറായി തുക അടവാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവുതുക 266731 രൂപ തടസ്സപ്പെടുത്തുന്നു

3-10 കെഎസ്ഇബി ഏറ്റെടുത്ത പ്രവൃത്തിക്ക് കെഎസ്ഇബിക്ക് സൂപ്പർവിഷൻ ചാർജ്ജ് നല്കി

പ്രോജക്ട് - തെരുവു വിളക്ക് അറ്റകുറ്റപ്പണി 357/16

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 500000 തനത് ഫണ്ട്

ചെലവ് - 313307 282777 ചെക്ക് 1682619/25.9.15

20250 706456/11.9.15

10280 706462/19.9.15

2015-16 വർഷത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കെഎസ്ഇബി നല്കിയ ബിൽ പ്രകാരം ഡിഡി നം 891348/29.9.15 പ്രകാരം തുക അടവാക്കി. ബിൽ താഴെ പറയും പ്രകാരമാണ്.

ഇനം	അളവ്	നിരക്ക്	തുക
1 x 40 ഫ്ലൂറസെന്റ് ട്യൂബ് സെറ്റ് അഴിച്ചുമാറ്റി പുതിയത് ഫിറ്റ് ചെയ്യുന്നതിന്	800	232	185600
2 x 40 ഫ്ലൂറസെന്റ് ട്യൂബ് സെറ്റ് അഴിച്ചുമാറ്റി പുതിയത് ഫിറ്റ് ചെയ്യുന്നതിന്	150	266	39900
സൂപ്പർവിഷൻ ചാർജ്ജ് 10%			22550
സർവീസ് ടാക്സ് 14%			34727
			282777

തദ്ദേശസ്ഥാപനങ്ങൾ ക്വട്ടേഷൻ വിളിച്ച് കരാറുകാരെ തെരുവു വിളക്ക് അറ്റകുറ്റപ്പണി ഏൽപ്പിക്കുമ്പോൾ ആയതിന് മേൽനോട്ടം വഹിക്കുന്നതിനുള്ള ചാർജായാണ് വൈദ്യുതിബോർഡിന്റെ ബിഓ(എഫ്എം)3121/2004 DPC II/2004 9.2.2004 സർക്കുലർ പ്രകാരം സൂപ്പർവിഷൻ ചാർജ്ജ് ഏർപ്പെടുത്തിയത്. വൈദ്യുത ബോർഡ് നേരിട്ടു നടത്തുന്ന പ്രവൃത്തികളിൽ സൂപ്പർവിഷൻ ചാർജ്ജ് നൽകിയതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതാണ്. 22550 രൂപയുടെ ചെലവ് തടസ്സപ്പെടുക്കുന്നു.

3-11 എസ്.സി സമ്പൂർണ്ണ ഭവന പദ്ധതി - മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് - എസ്.സി സമ്പൂർണ്ണ ഭവന പദ്ധതി 333/16

നിർവ്വഹണം അസി സെക്രട്ടറി

അടങ്കൽ 1929885 വികസന ഫണ്ട് എസ് സി പി

70115 തനത് ഫണ്ട്

2000000

ചെലവ് 210000 7/15-16/26.3.16

750000 13/15-16/30.3.16

എസ് സി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. എട്ട് ഗുണഭോക്താക്കൾക്ക് ആദ്യത്തെ ഒന്നും രണ്ടും ഗഡുക്കൾ നൽകാനാണ് മേൽ ചെലവ് നടത്തിയത്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ല എന്ന് ധനസഹായം നൽകിയ ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല.

2. ധന സഹായ തുക അഞ്ച് ഗഡുക്കളായാണ് നല്കേണ്ടത്. കരാറിലേർപ്പെടുമ്പോൾ 10% തുടർന്ന് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30% എന്നിങ്ങനെയാണ് തുക നല്കേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ തരത്തിലുള്ള സ്റ്റേജ് സർട്ടിഫിക്കറ്റില്ലാതെയാണ് രണ്ടാം ഗഡു നല്കിയത്.

3. കുടുംബത്തിന് നിലവിൽ വാസയോഗ്യമായ വീടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. തെരഞ്ഞെടുക്കുന്ന കുടുംബം നിലവിലുള്ള വീടിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ വയ്ക്കേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല.

5. വീട് 66ചതുരശ്രമീറ്ററിൽ പരിമിതപ്പെടുത്തേണ്ടതാണ്. ആയത് തെളിയിക്കുന്നതിന് വീടിന്റെ പ്ലാൻ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ചെലവു തുക 960000 തടസ്സപ്പെടുത്തുന്നു.

3-12 നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നു വാങ്ങൽ പ്രോജക്ട് - ചെലവിനാധാരമായ കാഷ്ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രോജക്ട് - ഹോമിയോ ആശുപത്രി മരുന്നു വാങ്ങൽ

നിർവ്വഹണം മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ 400000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് 400000/- 1/15-16/11.12.15

സബ്സിഡി മാർഗ്ഗരേഖ, പദ്ധതി മാർഗ്ഗരേഖ എന്നിവ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നു ലഭ്യമാക്കേണ്ടത് അതാത് വകുപ്പുകൾ കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ വഴിയാണ്. ആയതിന്റെ അപര്യാപ്തത മൂലം പ്രവർത്തനം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ അതാത് വകുപ്പുകളുടെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാം എന്നാൽ ഇത്തരത്തിലുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2015-16 ൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കാനായി ഹോംകോയ്ക്ക് 400000/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ 181120 രൂപയുടെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 400000/- രൂപ തടസ്സപ്പെടുത്തുന്നു

3-13 ഗുണഭോക്തൃ പട്ടിക പഞ്ചായത്ത് തലത്തിൽ സമഗ്രമാക്കുന്നില്ല

2.10.97 ലെ പി 220/97/ത.ഭ.വ. ,2.9.98 ലെ പി.181/98 ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല,ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരിക്കുന്നത്.

വാർഡു തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ നിന്നും ഓരോ വാർഡിലെയും ഗ്രാമസഭാ മിനുട്സ് കോപ്പിയെടുത്താണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ലിസ്റ്റ് തയ്യാറാക്കിയത്. ഗ്രാമ സഭാ തലത്തിൽ ലഭിച്ച മാർക്കുകൾ പരിശോധിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ചില വാർഡുകളിലെ ഏറ്റവും അർഹതപ്പെട്ടവർ തഴയപ്പെടുകയും മുൻഗണനാമാനദണ്ഡപ്രകാരം അനർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വാർഡ് തലത്തിലുള്ള മുൻഗണനാ ലിസ്റ്റ് അന്തിമമാക്കേണ്ടത് ഭരണസമിതി കൂടിയാണ്. ആയതു പ്രകാരം ഒരു കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും ആക്ഷേപങ്ങൾ പരിഹരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ ഇത്തരം നടപടി സ്വീകരിക്കാത്തതു മൂലം പല പ്രോജക്ടുകളിലും വാർഡ് തലത്തിലുള്ള ലിസ്റ്റിലെ തന്നെ അവസാന സ്ഥാനക്കാർക്കാണ് സഹായം നല്കിയത്. എറ്റവും അർഹതപ്പെട്ടവർക്ക് ആദ്യം സഹായം എത്തിക്കുകയെന്ന ആസൂത്രണ കാഴ്ചപ്പാടിന് വിരുദ്ധമായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.

3-14 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

മുൻകൂർ രജിസ്ററർ പരിശോധിച്ചതിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന രീതിയിൽ മുൻകൂറായി തുക അനുവദിച്ചത് ഓഡിറ്റ് കാലയളവു വരേയും ക്രമവൽകരിച്ചില്ല എന്നു കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ജീവനക്കാരന്റെ പേര്, തസ്തിക	തുക	തീയ്യതി	തുക അനുവദിച്ച ഇനം
കെ.സുഗതൻ, പ്രസിഡന്റ്	1000	9.10.13	ടിഎ അഡ്വാൻസ്
കെ.സുഗതൻ, പ്രസിഡന്റ്	1000	1.4.14	ടിഎ അഡ്വാൻസ്
കെ.സുഗതൻ, പ്രസിഡന്റ്	2000	13.5.15	ടിഎ അഡ്വാൻസ്
കെ.സുഗതൻ, പ്രസിഡന്റ്	2000	3.8.15	ടിഎ അഡ്വാൻസ്
ഷാനവാസ് അസി സെക്രട്ടറി	1000	17.8.15	ടിഎ അഡ്വാൻസ്
കെ.ജയപ്രകാശൻ, സെക്രട്ടറി	3000	1.4.14	ടിഎ അഡ്വാൻസ്
കെ.ജയപ്രകാശൻ, സെക്രട്ടറി	1000	23.5.14	ടിഎ അഡ്വാൻസ്
കെ.ജയപ്രകാശൻ, സെക്രട്ടറി	2000	12.6.14	ടിഎ അഡ്വാൻസ്
കെ.ജയപ്രകാശൻ, സെക്രട്ടറി	2000	2.8.14	ടിഎ അഡ്വാൻസ്
ഷൈലജ, ജൂനിയർ സൂപ്രണ്ട്	1000	21.3.15	ടിഎ അഡ്വാൻസ്
ആകെ	26000		

മുൻകൂറിനത്തിൽ കൈപ്പറ്റിയ തുക മേൽ ജീവനക്കാരിൽ നിന്നും ക്രമവൽക്കരിക്കാത്തതിനും. അല്ലാത്ത പക്ഷം ഈടാക്കാൻ ബാക്കിയായത് കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കൾ.88 പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-15 വിശദമായ എസ്റ്റിമേറ്റും സാങ്കേതികാനുമതിയും കരാറുമില്ലാതെ വൻതുക ഡെപ്പോസിറ്റ് ചെയ്തു. വിനിയോഗ വിവരമില്ല

പ്രോജക്ട് 346/16 സ്ട്രീറ്റ് ലൈൻ വലിക്കലും പുതിയ ലൈറ്റ് സ്ഥാപിക്കലും

നിർവ്വഹണം സെക്രട്ടറി

അടങ്കൽ 2000000/- തനത് ഫണ്ട്

ചെലവ് 1991000/- ചെക്ക് 707123/31.3.16

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്ന പ്രവൃത്തിയാണ് മേൽ പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടത് ആയതിനായി വൈദ്യുത ബോർഡിലേക്ക് 1991000/- രൂപ അടവാക്കിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് അസി.എഞ്ചിനീയറുടെ കത്ത് പ്രകാരമാണ് തുക അടവാക്കിയത്.

എന്നാൽ വിശദമായ എസ്റ്റിമേറ്റ്, ആയതിന് സാങ്കേതികാനുമതി ലഭിച്ച വിവരം, വൈദ്യുതി ബോർഡുമായി വച്ച എഗ്രിമെന്റ്, എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകളില്ലാതെയാണ് വൻതുക കെഎസ്ഇബിയിൽ ഡെപ്പോസിറ്റ് ചെയ്തത്. തുക വിനിയോഗിച്ചതിന്റെ വിവരം കെഎസ്ഇബി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1991000/- തടസ്സപ്പെടുത്തുന്നു.

3-16 തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

വൗച്ചർ നം. തിയ്യതി	തുക	ഇനം	ആപാകത
50/4-15/23.4.15	7800	പ്രദീപ്കുമാർ, രാമചന്ദ്രൻ, വേലായുധൻ എന്നിവരെ മണൽ പാസ് എഴുതുന്നതിന് ദിവസക്കൂലി നല്കിയത്	മസ്റ്റർ റോൾ കൈപ്പറ്റ് ഇല്ല, സെക്രട്ടറി പാസ്സാക്കിയിട്ടില്ല ഇവരെ നിയമിച്ചതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല
15/5-15/5.5.15	3500	ഒളവണ്ണ അംഗനവാടി കോന്തനാരി ബിഎസ്എസ് എന്നിവടങ്ങളിൽ ജലപര്യവേഷണം നടത്തുന്നതിന് ഭൂഗർഭജല വകുപ്പിന് നൽകിയത്	സർവേ റിപ്പോർട്ടും രശീതും ലഭ്യമല്ല
25/5-15/15.5.15	2000	ക്ലൂസിന് വരിസംഖ്യ അടവാക്കിയത്	രശീതില്ല
14/6-15/30.6.15	1000	മൈലേജ് ടെസ്റ്റിന് പിഡബ്ല്യുഡി മെക്കാനിക്കൽ ഡിവിഷന് അടവാക്കിയത്	ചലാൻ രശീതില്ല
21500851/10.2.16	10000	പെർഫോർമൻസ് ഓഡിറ്റ് വിങ്ങിന് ജിഓ(എംഎസ്) 188/15/ 8.6.15	ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിനിയോഗ

		പ്രകാരം നല്കിയത്	സർട്ടിഫിക്കറ്റില്ല
21500878/17.2.16	30171	മൂന്നു കുഴൽകിണറുകളുടെ റിപ്പയറിനായി ഭൂഗർഭജല വകുപ്പിന് അഡ്വാൻസ് നൽകിയത് (സ്ഥലവിവരമില്ല)	ഫൈനൽബിൽ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല
21500887/18.2.16	5000	ജിഒ(എംഎസ്) 2666/15/ 3.9.15 പ്രകാരം സംസ്ഥാന അത് ലറ്റിക് മീറ്റിനായി ജില്ലാ അത് ലറ്റിക് അസോസിയഷന് നല്കിയത്	ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റില്ല
21500593/16.3.16	30171	കോന്തനാരി, 21 വാർഡ്എന്നിവിടങ്ങളിലെ മൂന്നു കുഴൽ കിണറുകളുടെ റിപ്പയറിനായി ഭൂഗർഭജല വകുപ്പിന് അഡ്വാൻസ് നൽകിയത്	ഫൈനൽബിൽ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല
	89642		

അപാകതകളുടെ അടിസ്ഥാനത്തിൽ 89642 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

3-17 IAY - കൈമാറിയ തുകക്ക് വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല.

I. പ്രോജക്ട് നമ്പർ - 244/16

പ്രോജക്ടിന്റെ പേര് - IAY പദ്ധതി - ബ്ലോക്കിന് വിഹിതം കൈമാറൽ

വകയിരുത്തിയ തുക - 780000 രൂപ

ചെലവഴിച്ച തുക - 780000 രൂപ

ട്രഷറി ബിൽ നമ്പർ - 4/15-16 തിയ്യതി 16.12.15

ഡി.ഡി നമ്പർ - 896557 / തിയ്യതി 16.12.15

കൈമാറിയ തുകക്ക് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച രശീത് നമ്പർ - 0056483 തിയ്യതി 21.12.15

II. പ്രോജക്ട് നമ്പർ - 392/16

പ്രോജക്ടിന്റെ പേര് - ഐ.എ.വൈ ഭവന പദ്ധതി - ബ്ലോക്കിന് വിഹിതം കൈമാറൽ

വകയിരുത്തിയത് - 6 ലക്ഷം രൂപ

ചെലവഴിച്ചത് - 6 ലക്ഷം രൂപ

ട്രഷറി ബിൽ നമ്പർ - 10/15-16 തിയ്യതി 26.02.16

ബാങ്കേഴ്സ് ചെക്ക് നമ്പർ - 482450/ 26.02.16

കോഴിക്കോട് ബ്ലോക്ക്പഞ്ചായത്തിൽ നിന്നുംലഭിച്ച രശീത് നമ്പർ - 0459020/08.03.16

ഐ.എ.വൈ പദ്ധതിക്കുവേണ്ടി ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും 2015-16 വർഷത്തിൽ രണ്ടുതവണയായി കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലേക്ക് 1380000 രൂപ കൈമാറിയിട്ടുണ്ടെങ്കിലും ഇവക്ക് വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. ഏതൊക്കെ ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചതെന്നുള്ള വിവരം ലഭ്യമല്ല.

വിശദമായ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3-18 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ 312500വികസന ഫണ്ട്

312500സംസ്ഥാന ഫണ്ട്

625000 ഗുണഭോക്തൃ വിഹിതം

ചെലവ് 312500വികസന ഫണ്ട് 7/15-16/31.3.16

കന്നുകുട്ടി പരിപാലന പദ്ധതിക്ക് 50 ഗുണഭോക്താക്കൾക്കായി 312500 രൂപ കാഫ് ഫീഡ് അസിഡയറക്ടർക്ക് 485887/13.4.16 നം. ഡിഡി പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് ഫലപ്രദമായി വിനിയോഗിച്ചതിനുള്ള വിനിയോഗ സർട്ടിഫിക്കറ്റ് പ്രോജക്ട് പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക 312500 തടസ്സപ്പെടുത്തുന്നു.

3-19 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം സെക്രട്ടറി

ഓഡിറ്റ് വർഷം സെക്രട്ടറി താഴെപ്പറയും പ്രകാരം പ്രോജക്ടുകൾക്കായി മറ്റു സ്ഥാപനങ്ങളിലേക്ക് തുകകൾ വിവിധോദ്ദേശങ്ങൾക്കായി വിവിധ സർക്കാർ ഉത്തരവ് പ്രകാരം നൽകിയെങ്കിലും ധനവിനിയോഗസാക്ഷ്യപത്രങ്ങളോ പദ്ധതി പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കിയതിനുള്ള വിശദമായ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. അടങ്കൽ	സ്ഥാപനം	നൽകിയ തുക	ബിൽ നം. തിയ്യതി
സാമൂഹ്യസുരക്ഷാ മിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന 410/16 500000 വികസനഫണ്ട്	എക്സിക്യൂട്ടീവ് ഡയറക്ടർ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ	500000	36/15-16 31.3.16

എസ്എസ്എ വിഹിതം നല്കൽ 7/16 1850000 വികസനഫണ്ട്	എസ്എസ്എ	1466688	11/15-16 27.10.16
തെരുവു നായ്ക്കളുടെ വന്ധ്യംകരണം 381/16 119000 CFC grant 81000 ownfund 200000	സെക്രട്ടറി, ജില്ലാപഞ്ചായത്ത്	119000 81000	33/15-16/ 30.3.16 1633904/31.3.16
ആകെ		2166688	

ധനവിനിയോഗ സാക്ഷ്യ പത്രങ്ങളുടെ അഭാവത്തിൽ 2166688 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-20 നെൽകൃഷി വികസന പദ്ധതി - മറ്റു സ്ഥാപനങ്ങളുടെ വിഹിതം ഈടാക്കാതെ പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നെൽകൃഷി വികസന പദ്ധതി 32/16

നിർവ്വഹണം കൃഷി ഓഫീസർ

അടങ്കൽ 60000 വികസന ഫണ്ട്

60000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്

120000

ചെലവ് 60000 ബിൽ നം. 3/15-16/28.2.16

പഞ്ചായത്തിലെ 10 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ജി.ഒ.(എം.എസ്)നം 362/2013/തസ്വഭവ തി.16-11-13 ഖ: 3-1(5),viii(c) എന്നിവ പ്രകാരം ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ,ബ്ളോക്ക്,ജില്ല പഞ്ചായത്തുകൾ 60:15:25 അനുപാതത്തിൽ തുക വകയിരുത്തിയാകണം പദ്ധതി നടപ്പാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ പ്രോജക്ടിൽ മേൽ നിബന്ധന പാലിക്കപ്പെടാതെ മുഴുവൻ തുകയും പഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് നൽകിയത്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3-21 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തിയിട്ടില്ല - മീറ്റർ സ്ഥാപിച്ചിട്ടില്ല

തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജായി 1215638/- രൂപ 2015-16 വർഷം അടവാക്കിയിട്ടുണ്ട്.

എന്നാൽ മേൽ തുകയുടെ കൃത്യത മനസ്സിലാക്കുന്നതിനായി മീറ്റർ സ്ഥാപിക്കുകയോ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വൈദ്യുതി വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3-22 കോൺക്രീറ്റ് പ്രവൃത്തികൾ അനുവദനീയമായതിലും അധികം കനത്തിൽ നിർവ്വഹിച്ചു.

2015-16 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ ഭാരവാഹനങ്ങൾ കടന്ന് പോകാത്ത നടപ്പാതകൾ 1:4:8 അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 20mmമെറ്റൽഉപയോഗിച്ച്7.5 cm,ഉം,അതിലധികവും കനത്തിൽ കോൺക്രീറ്റ് ചെയ്തതായി കാണുന്നു.15cmൽ അധികം കനത്തിൽ കോൺക്രീറ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. നടപ്പാതയുടെ1:2:4 അനുപാതത്തിൽ ഉള്ള കോൺക്രീറ്റിന്റെ കനം 5cm ആയിരിക്കണമെന്നാണ് 18/9/2015 ന് ചീഫ് എഞ്ചിനീയർ,കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇതു സംബന്ധിച്ച കത്തിനുള്ള മറുപടിയിൽ (ഡിബി4-9099/2015/സി.ഇ.തസ്വഭവ) വ്യക്തമാക്കിയിട്ടുണ്ട്.ആയതിനാൽ താഴെ കാണിച്ച വിധം1:2:4 അനുപാതത്തിൽ അധികം ചെയ്ത കോൺക്രീറ്റിന്റെ ചെലവഴിച്ച തുക 748298 ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു.

ക്രമ നം	പ്രവൃത്തിയുടെ പേര്,കൺവീനറുടെ/കരാറുകാരുടെ പേര്,അടങ്കൽ തുക ,ബിൽ നം/തിയതി,എഗ്രിമെന്റ് നം	1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗിനു ചെലവഴിച്ച തുക	1:2:4 അനുപാത്തിൽകോൺക്രീറ്റിംഗിനു ചെലവഴിയ്ക്കാവുന്നതുക	അധികം ചെലവഴിച്ച തുക
1	നടുക്കണ്ടി റോഡ് എസ്.085/16 AE/OLV/88/15-16/28.9.15 341000/-,300000/-,49/15-16 /29.2.2016 എം.ബുക്ക് നം-121/14-15	21.589x10 x 7569/m3=163407/-	21.589x.5x7569m3 =81704/-	81704/-
2	കൈമംഗലത്ത് വേട്ടുവേടൻകണ്ടി ഇടവഴി കോൺക്രീറ്റ് എസ്0247/16 AE/OLV/81/15-16/25.9.2015 അടങ്കൽ-410000/-ബിൽ നം-35/15-16/15.2.16-387411/- എംബുക്ക്നം136/14-15	27.647x10x7569/m3=20 9260/-	27.647x.5x7569m3 =104630/-	104630/-
3	മഠത്തിൽ മേത്തൽ വാക്കത്ത് ചെട്ടിയാംകണ്ടി റോഡ്	34.36x10x 7569/m3=260071	34.36x.5x7569m3 =130035-	130035/-

	എസ്0217/16 AE/OLV/56/15-16/104.9.15 അടങ്കൽ-499000/-ബിൽനം-44/15-16/23.2.2016 374802/- എം ബുക്ക്-131/14-15			
4	കടുംകണ്ടം കാവിൽ ഇടവഴി എസ്0250/16 AE/OLV/13/15-16/17.9.15 അടങ്കൽ-250000/- ബിൽ നം36/15-16/15.2.2016 240908	17.292x10x7569/m3=` 130883/-	17.292x.5x7569/m3 =65442/-	65442/-
5	പുറത്താരി കമ്പിവളപ്പ് റോഡ് എസ്0301/16 AE/OLV/02/15-16/7.9.15 അടങ്കൽ-499500/- ബിൽനം-498542/-43/15-16 /23.216 എം.ബുക്ക്നം-150/14-15	30..409x10x7569/m3= 230175.45	30.409x.5x7569/m3 =115083/-	115083/-
6	എട്ടുകണ്ടം ചാലപ്പുറം കിഴക്കേ മേയന റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട്നം-എസ്025/16 AE/OLV/23/15-16/7.9.15 അടങ്കൽ-498000/- ബിൽനം-33/15-16 /25.1.16-495497/- എം.ബുക്ക് നം-145/14-15	35.800x10x7569/m3=270981/-	35.800x.5x7569/m3 =135485/-	135485/-
7	കയറ്റി പുറത്തേക്കാട്ട് റോഡ് പ്രോജക്ട് നം-252/16	30.63x10x7569/m3=231838/-	30.63x.5x7569/m3 =115919	115919

	ae/olv/08/15-16/7.9.15/23.2.16 ബിൽ തുക-420000/- ബിൽ നം-42/15-6/23.2.16 എം.ബുക്ക് നം-159/14-5			
				748298

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2015-16	173950	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്ക്ക് സ്കോളർഷിപ്പ്	17350	-
ജില്ലാ പഞ്ചായത്ത്		17350		17350	-
		372500	കളിസ്ഥലം നിർമ്മാണം	372500	-

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെഎസ്ഇബി	സ്ട്രീറ്റ് ലൈറ്റ് പുതിയ ലൈൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും	707123/31.3.16 KDC bank	1991000	-	1991000

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	7557280
തൻവർഷം നിക്ഷേപിച്ച തുക	823245
ആകെ	8380525
തന്നാണ്ടിൽ പിൻവലിച്ച തുക	00
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	8380525

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ.നം.	നിക്ഷേപത്തിന്റെ വിവരം	തുക
1	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മാങ്കാവ് FD 40177141500046	188672
2	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മാങ്കാവ് FD 40177141500045	378728
2	കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് (പന്തീരാങ്കാവ്) FD 100321807520005	219500
3	കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് (പന്തീരാങ്കാവ്) FD 100401807520024	117491
4	-ടി-എഫ്.ഡി നം.100401807520023	238761
5	-ടി-എഫ്.ഡി നം.100401807520010	33778
6	-ടി-എഫ്.ഡി നം.100401807520021 -ടി-	237090
7	എഫ്.ഡി നം.100321807520007	780500
8	ഒളവണ്ണ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 725	134346
9	-ടി- FD 724	523247
10	ഒളവണ്ണ കോ ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി FD 0101004161	500000

11	ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 3761	212686
12	ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 3762	706659
13	ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 3763	559572
14	ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 3764	529769
15	ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് FD 6198	1019726
16	പഞ്ചാബ് നാഷണൽ ബാങ്ക് FD 622900DP00005307	1000000
17	പഞ്ചാബ് നാഷണൽ ബാങ്ക് FD 622900DP00005316	1000000
ആകെ		6580525

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	76689692
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	116979469
വരവിനങ്ങളിലുള്ള നഷ്ടം	:	1130
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	256975
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	12826353

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-2	1130		അബ്ദുൾ സലാം.വി, സെക്രട്ടറി

3-4		172655	അബ്ദുൾ സലാം.വി, സെക്രട്ടറി
3-5		80565	അബ്ദുൾ സലാം.വി, സെക്രട്ടറി
3-6		3755	ആനന്ദ്.എം, വെറ്ററിനറി സർജ്ജൻ
	1130	256975	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	2122282	1397433 സന്തോഷ് കുമാർ അസി.എഞ്ചിനീയർ 724849 മനോജ് കുമാർ.എം അസി.എഞ്ചിനീയർ
3-2	578646	സന്തോഷ് കുമാർ അസി.എഞ്ചിനീയർ
3-3	615228	കുഞ്ഞിമൊയ്തീൻ, ഹെഡ്മാസ്റ്റർ
3-5	667438	അബ്ദുൾ സലാം.വി, സെക്രട്ടറി
3-7	355350	ആനന്ദ്.എം, വെറ്ററിനറി സർജ്ജൻ
3-8	150000	ആനന്ദ്.എം, വെറ്ററിനറി സർജ്ജൻ
3-9	266731	അബ്ദുൾ സലാം.വി, സെക്രട്ടറി
3-10	22550	അബ്ദുൾ സലാം.വി, സെക്രട്ടറി
3-11	960000	സന്തോഷ്.സി അസി.സെക്രട്ടറി
3-12	400000	ഡോ. പ്രീത, ഹോമിയോ മെഡിക്കൽ ഓഫീസർ
3-15	1991000	അബ്ദുൾ സലാം.വി, സെക്രട്ടറി
3-16	89642	14300 പി.ഷൈലജ, ജെ എസ്(സെക്രട്ടറിഇൻചാർജ്ജ്) 45171 സന്തോഷ്.സി അസി.സെക്രട്ടറി (സെക്രട്ടറിഇൻചാർജ്ജ്) 30171 അബ്ദുൾ സലാം.വി, സെക്രട്ടറി
3-17	1380000	ശ്യാം പ്രസാദ് വിഇഒ
3-18	312500	ആനന്ദ്.എം, വെറ്ററിനറി സർജ്ജൻ
3-19	2166688	അബ്ദുൾ സലാം.വി, സെക്രട്ടറി

3-22	748298	മനോജ് കുമാർ.എം അസി.എഞ്ചിനീയർ
	12826353	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
അബ്ദുൾ സലാം.വി, സെക്രട്ടറി	സെക്രട്ടറി	ദാർ-ഉൽ-നജ്ജം, എടശ്ശേരി പറമ്പ്, കൊളത്തറ പിഒ, കോഴിക്കോട്
ആനന്ദ്.എം, വെറ്ററിനറി സർജ്ജൻ	വെറ്ററിനറി സർജ്ജൻ,	എ5, ഇന്ദീവരം, മെ ഹെവൻ അപ്പാർട്ട്മെന്റ്, ഡട്ട് കോമ്പൗണ്ട്, മാങ്കാവ് പിഒ, കോഴിക്കോട്
കുഞ്ഞിമൊയ്തീൻ ഹെഡ് മാസ്റ്റർ	ഹെഡ് മാസ്റ്റർ, ജിഎൽപിഎസ്, കുറിച്ച്യകം	വെങ്ങോളി പോയിൽ, നെട്ടൂർ പിഒ, കക്കട്ടിൽ, വടകര

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1982-83	എൽ.എഫ്.പി.2/345/97/28.09.94	05
1997-98	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(1)/08.11.13	02
1998-99	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(2)/08.11.13	01
1999-00	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(3)/08.11.13	03
2001-02	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(4)/08.11.13	04

2002-03	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(5)/08.11.13	03
2003-04	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(6)/08.11.13	05
2004-05	എൽ.എഫ്.കെ.കെ.ഡി.പി.2/1475/13(7)/08.11.13	07
2005-06	എൽ.എഫ്.കെ.കെ.ഡി.പി.2/1913/09/06.08.10	19
2006-07	എൽ.എഫ്.കെ.കെ.ഡി.പി.2/1492/10/03.05.10	23
2007-08	എൽ.എഫ്.കെ.കെ.ഡി.പി.2/781/13/25.10.13	28
2008-09	എൽ.എഫ്.കെ.കെ.ഡി.പി.2/1224/13(1)/25.10.13	18
2009-10	എൽ.എഫ്.കെ.കെ.ഡി.പി.2/1224/13(2)/25.10.13	26
2010-11 & 2011-12	എൽ.എഫ്.കെ.കെ.ഡി.പി.2/204/14/01.02.14	25
2012-13	കെ.എസ്.എ.കെ.കെ.ഡി. പി.2/169 /15/16.04.2015	26

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.12/2170/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി. 23.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P12 /2170/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 23.12.2016

Audit Certificate

Certified that I have audited the Annual Financial Statement of Olavanna Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Olavanna Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.